# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറമേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P5/530/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P5/530/22 തീയ്യതി: 25/03/2022

## കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 14-03-2022 | 19-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-03-2022 | 19-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.സതീഷ് കുമാർ.സി.പി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അച്യുതൻ.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രാമചന്ദ്രൻ.എം | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.പ്രദോഷ് കുമാർ.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2019 | 31-03-2020 |
| സനിഷ.പി | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| പ്രനിഷ.എസ്.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ചന്ദ്രൻ.കെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| അശ്വതി.സി.എൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.അമ്പിളി നാരായണൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ബൈജു.പി.പി | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| അനുപമ സുഗതൻ | വി.ഇ.ഓ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 23-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ.<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-5 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-8 |
| 11 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-9 |
| 12 | തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല.<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-9-1 |
| 13 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല.<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-10 |
| 14 | കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് നൽകി<br>Written By: Shibin K S (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-11 |
| 15 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Shibin K S (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-12 |
| 16 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-13 |

| | | |
|---|---|---|
| | Written By: Shibin K S (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | |
| 17 | ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ<br>Written By: Shibin K S (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-14 |
| 18 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Shibin K S (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-15 |
| 19 | വീട് വാസയോഗ്യമാക്കൽ - മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-16 |
| 20 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തിയായില്ല<br>Written By: Sathish Kumar K (Audit Officer (HG), On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-17 |
| 21 | പൊതു വാട്ടർടാപ്പുകൾ - സംയുക്ത പരിശോധന തടത്തിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-18 |
| 22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-19 |
| 23 | ഭക്ഷണവിതരണം പോലും നടക്കാതെ അഗതിരഹിത കേരളം-പ്രൊജക്ട്<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-20 |
| 24 | അത്തൂർ ഒളോർ മാവിന് ഭൗമസൂചിക പദവി- കേരള കാർഷിക സർവകലാശാലക്ക് അടവാക്കിയ തുക പൂർണമായും വിനിയോഗിക്കപ്പെട്ടില്ല.<br>Written By: M.Karunakaran (Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-21 |
| 25 | ജലനിധി എക്കൌണ്ടിൽ വൻ തുക നീക്കിയിരിപ്പ് -വിശദവിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-22 |
| 26 | തനത് ഫണ്ടിനത്തിൽ ലഭ്യമായതിലും കൂടിയ തുക പ്രൊജക്ടുകൾക്ക് വകയിരുത്തുന്നു .<br>Written By: M.Karunakaran (Audit Officer, On 21-03-2022)<br>Last Updated By: M.Karunakaran (Audit Officer, On 24-03-2022) | 1-23 |
| 27 | തെങ്ങ് കൃഷി വികസനം -പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ.<br>Written By: M.Karunakaran (Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-24 |
| 28 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ തൈകളുടെയും വിത്തുകളുടെയും വിതരണ വിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-25 |
| 29 | എസ്.എസ്.എ. വിഹിതം അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായതുകമാത്രം അടവാ ക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-26 |
| 30 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: SathishKumar C P (Asst. Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-27 |
| 31 | മരുന്ന് ലഭ്യമായതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകളില്ല<br>Written By: SathishKumar C P (Asst. Audit Officer, On 21-03-2022) | 1-28 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 24-03-2022) | |
| 32 | പശു വിതരണം :അപാകതകൾ<br>Written By: SathishKumar C P (Asst. Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-29 |
| 33 | പോത്തുകുട്ടി വിതരണം ചെയ്തതിന്റെ രേഖകളില്ല<br>Written By: SathishKumar C P (Asst. Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-30 |
| 34 | കന്നുകുട്ടി പരിപാലന പദ്ധതി-കൈമാറിയ തുകയുടെ കൈപറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.<br>Written By: SathishKumar C P (Asst. Audit Officer, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-31 |
| 35 | പൊതുമരാമത്ത് പ്രവർത്തി രൂപീകരണ-നിർവ്വഹണഘട്ടങ്ങളിലെ പൊതു അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-32 |
| 36 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-33 |
| 37 | ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച വയോജന കേന്ദ്രം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കുന്നില്ല-വൃത്തിയാക്കാത്തതിനാൽ നശിക്കുന്നു.<br>Written By: Jayan P (Senior Grade Auditor, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-34 |
| 38 | പഞ്ചായത്ത് നാളിതുവരെ എം.സി.എഫ് നിർമ്മിച്ചില്ല- അജൈവമാലിന്യ ശേഖരണവും തരംതിരിക്കലും യാതൊരു സുരക്ഷാസംവിധാനങ്ങളുമില്ലാതെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയിൽ<br>Written By: Jayan P (Senior Grade Auditor, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 24-03-2022) | 1-35 |
| 39 | അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ബഡ്സ് സ്കൂൾ നിർമ്മിച്ചു-നാളിതുവരെ തുറന്നു പ്രവർത്തിച്ചിട്ടില്ല-വൃത്തിയാക്കാത്തിതിനാൽ നശിക്കുന്നു.<br>Written By: Jayan P (Senior Grade Auditor, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-36 |
| 40 | കുയ്യടി മുക്ക്-തൈക്കണ്ടി മുക്ക് റോഡ് പ്രവർത്തി നടത്തിയത് സ്ഥലപരിശോധനയിൽ കാണിച്ചുതരുവാൻ കഴിഞ്ഞില്ല<br>Written By: Jayan P (Senior Grade Auditor, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ്.<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vijesh K.K (Auditor, On 14-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 20-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sathish Kumar K (Audit Officer (HG), On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 21-03-2022)<br>Last Updated By: Vasudevan M (Deputy Director, On 25-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 2.2.19- ൽ കൂടിയ ഭരണ സമിതിയുടെ അജണ്ട 1 തീരുമാനം 1/20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 24.3.20 ലെ അജണ്ട 2 തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത്രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ച കാണുന്നില്ല. മാത്രമല്ല വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ലഭ്യമായ ഫയലിൽ നിർവഹണ ഉദ്യോഗസ്ഥരുടെ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ. ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ച ബജറ്റും പരിശോധനക്ക് വിധേയമാക്കിയതിൽ ആയത് തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് മാത്രമല്ല പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ച ബജറ്റിലെ ബജറ്റ് സംഗ്രഹം പ്രകാരം വരവ് ചെലവ് നീക്കിയിരിപ്പുകൾ തമ്മിൽ യാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല. ഭരണസമിതി അംഗീകരിച്ച ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയ ബജറ്റും തമ്മിൽ അന്തരം സംഭവിക്കാനുള്ള കാരണം പ്രഥമമറുപടിക്കൊപ്പം വിശദമാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 30-7-2020 | 05-06-2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വാർഷിക കണക്കിൽ (I-6) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗ്രാന്റ് വരവ് ചെലവ് ഉൾപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ 2019-20ൽ എടുത്തിരിക്കുന്നത് 25,00,000/- രൂപയും 2019-20 -ലെ ലോൺ തിരിച്ചടവ് 10,20,000/-രൂപയുമാണ്. എന്നാൽ ലോൺ തിരിച്ചടവ് വിവരം സാധൂകരിക്കുന്ന ലോൺ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വാർഷിക കണക്കിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിക്കാൻ ബാക്കിയുള്ളതായി 15,84,642/- രൂപയുണ്ട്. എന്നാൽ B-17 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നാക്കിയിരുപ്പായി 27,74,642/- രൂപ കാണുന്നുണ്ട്.

4) പഞ്ചായത്തിലെ തനത്ഫണ്ട് മൂന്ന് ബാങ്ക് അക്കൗണ്ടുകളിലായാണുള്ളത്. ഈ അക്കൗണ്ടുകളിൽ ശുചിത്വ മിഷൻ ഫണ്ട് വരവ്, സാനിറ്റേഷൻ, ഐ.സി.ഡി.എസ് ഫണ്ട് എന്നിങ്ങനെ വിവിധ ഫണ്ടുകൾ ഉണ്ട്. എന്നാൽ ഇവയുടെ ഓരോ ഇനത്തിലെയും നീക്കിയിരിപ്പ് രേഖപ്പെടുത്തി എ.സി.ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5) അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ലഭ്യമാക്കിയിട്ടില്ല.

6) പഞ്ചായത്തിൽ ലേല രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7) ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം, കറവപ്പശു വനിത ക്ഷീരഗ്രാമം എന്നീ പദ്ധതികളുടെ 2019-20 സാമ്പത്തിക വർഷം ചെലവഴിച്ച മുഴുവൻ തുകയും ചെലവ് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

8) 2019-20 -ൽ ബാങ്ക് റീക്കൺസിലിയേഷൻ സെക്രട്ടറി എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

9) മൂന്ന് മാസം കഴിഞ്ഞതും മാറാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് എന്ന ഹെഡിലേക്ക് കൊണ്ടുവന്നിട്ടില്ല.

10) 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം സ്ഥാപനം നൽകിയ അഡ്വാൻസ്/ലോൺ ഇനങ്ങളിൽ തിരികെ ലഭിക്കാനുള്ള തുക 12,85,820/- രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 1,11,22,568/- രൂപയാണ്.

11) ആസ്തികൾക്ക് ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കാണക്കാക്കിയതിന് വർക്ക് ഷീറ്റ് വച്ചിട്ടില്ല. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,03,01,445 |
| വരവ് | 5,64,00,453 |
| ആകെ | 7,67,01,898 |
| ചെലവ് | 5,34,66,466 |
| നീക്കിയിരിപ്പ് | 2,32,35,432 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 11622379 | 11622379 | 10023195 | 1599184 |
| വികസന ഫണ്ട്. S.C.P | - | 1368000 | 1368000 | 1353430 | 14570 |
| C.F.C | - | 9335301 | 9335301 | 2251438 | 7083818 |
| M.G.(Road) | - | 7638000 | 7638000 | 4208417 | 3429583 |
| M.G.( NonRoad) | - | 3652000 | 3652000 | 2134319 | 1517681 |
| ദുരിതാശ്വാസ നിധി | 5307 | 265 | 5572 | 0 | 5572 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 39879767 | 39879767 | 39879767 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 9459 | 1052804 | 1062263 | 462505 | 599758 |
| ഐ.സി.ഡി.എസ് | 261155 | 1302976 | 1564131 | 1058844 | 505287 |
| ടി.എസ്.സി | 708216 | 0 | 708216 | 0 | 708216 |
| എം.പി.ഫണ്ട് | 60422 | 2080 | 62502 | 0 | 62502 |
| ജലനിധി | 4361931 | 5064576 | 9426507 | 2499019 | 6927488 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ.

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 61255015 | 14947255 |
| വികസനഫണ്ട് (എസ്.സി.പി) | 4230210 | 1443000 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 5960500 | 4382000 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക (1,0000000) വാർഷിക കണക്കിലെ തുകയുമായി (1302976) പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം | നടപ്പിലാക്കിയ | ഭാഗികമായി | നടപ്പിലാക്കാത്ത |
|---|---|---|---|

| ലഭിച്ച പ്രോജക്ടുകൾ | പ്രേജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | പ്രോജക്ടുകൾ |
|---|---|---|---|
| 167 | 89 | 7 | 71 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 167 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ കേവലം 96 പ്രോജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വിവിധ പ്രോജക്ടുകൾക്കായി 7,80,06,137/- രൂപ വകയിരുത്തിയതിൽ കേവലം 3,22,44,517/- രൂപ മാത്രമെ പ്രോജക്ടുകൾക്കായി വിനിയോഗിച്ചിട്ടുള്ളൂ. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ വൻതുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 9335301 | 2251438 | 7083863 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 3652000 | 2134319 | 1517681 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7638000 | 4208417 | 3429583 |
| വികസന ഫണ്ട് ജനറൽ | 11622379 | 10023195 | 1599184 |
| വികസന ഫണ്ട്- SCP | 1368000 | 1353430 | 14570 |

| | | | |
|---|---|---|---|
| ആകെ | 33615680 | 19970799 | 13644881 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 3,36,15,680/- രൂപയിൽ 1,99,70,799/- രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 1,36,44,881/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ആയതിൽ ക്യൂബിൽ ആയ ബില്ലുകൾ എത്രയാണെന്ന കൃത്യമായ കണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ക്യൂബിൽ തുക ഒഴിവാക്കിയാൽ തന്നെ പ്രോജക്ടുകളുടെ നിർവഹണത്തിൽ വന്ന വീഴ്ച മൂലം ലക്ഷക്കണക്കിന് രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. വികസനഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ്, സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിലെല്ലാം തന്നെ ലഭ്യമായ ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി പഞ്ചായത്തിൽ സാമ്പത്തിക വർഷം പ്രകടമാണ്. ആയതിൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനങ്ങളിലുണ്ടായ ഫണ്ട് നഷ്ടമാണ് പ്രധാനം .നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസി.എഞ്ചിനീയറുടെ പ്രോജക്ട് നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 88 പ്രോജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 32 പ്രോജക്ടുക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. അവശേഷിക്കുന്നവയിൽ 18 പ്രോജക്ടുകളിലായി 49,29,935/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയി മാറിയിട്ടുണ്ട്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, വി.ഇ.ഒ എന്നിവർ തങ്ങൾക്ക് നടപ്പിലാക്കാനുള്ള മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല. സ.ഉ.എം.എസ് നമ്പർ 11/2018/ ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർഷിച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയ്ന്റനൻസുകൾ നടത്തി വരുന്നത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം. നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന്

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ടു നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഗ്രൂപ്പുകൾ പലപ്പോഴും നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടിട്ടുണ്ട്. അതേ പോലെതന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പലപ്പോഴും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ പങ്കെടുത്ത് കാണുന്നില്ല. ഉദാ:-13.3.18, 15.11.18 തിയ്യതികളിൽ കൂടിയ പൊതുമരാമത്ത് ഊർജം വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാംതന്നെ യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ് .

## 1-6 ക്ഷേമപദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 40,84,200 | 1,443 |
| വിധവാപെൻഷൻ | 68,28,600 | 2,340 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 84,52,500 | 3,065 |
| വികലാംഗ പെൻഷൻ | 17,47,000 | 581 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2,46,600 | 84 |
| വിധവകളുടെ പെൺമക്കളുടെ | 1,20,000 | 4 |

| | | |
|---|---|---|
| വിവാഹധനസഹായം | | |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-03-2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8700/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ 18.6.18 -ലെ 5A/18 നമ്പർ ഉത്തരവു പ്രകാരം വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തി കാണുന്നില്ല. അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ സാമ്പത്തിക വർഷത്തിൽ കൃത്യത പാലിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം നൽകിയതിന്റെ വിവരം പലപ്പോഴും രേഖപ്പെടുത്തുന്നില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരാതിയിൽ കൈകൊണ്ട തീരുമാനം പലപ്പോഴും രേഖപ്പെടുത്തിയിട്ടില്ല. കാഷ്ബുക്ക് ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേബുക്ക് പലപ്പോഴും ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി എക്കൌണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി രജിസ്റ്ററുകളിൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററൊഴികെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാറുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകൃമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന

കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 1996-97 മുതൽ 2018-19 വരെ വിവിധ റിപ്പോർട്ടുകളിലായി 195 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നുണ്ട് .

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത്രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 3 ക്ലർക്ക്, 4 സീനിയർ ക്ലർക്ക് തസ്തികകളാണ് നിലവിലുള്ളത്. പഞ്ചായത്തിലെ ജീവനക്കാർക്ക് ജോലി ഭാരം പ്രകടമാണെങ്കിലും, ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വംതുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. മാത്രമല്ല പഞ്ചായത്ത് സാമ്പത്തിക വർഷം തയ്യാറാക്കിയ ബജറ്റ് സംക്ഷിപ്ത പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ ആകെ 4475 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 2753 കുടുബങ്ങളിൽ നിന്നായി 2976 പേർ തൊഴിലിനായി അപേക്ഷിക്കുകയും എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 98 പ്രവർത്തികളിലായി സാമ്പത്തിക വർഷത്തിൽ ആകെ 125323 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 3,43,34,437/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ കേവലം 39 കുടുംബങ്ങൾക്ക് മാത്രമെ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുള്ളു. എം.എൻ. ആർ.ഇ.ജി.എസ് ജീവനക്കാരുടെ ശമ്പളം, യാത്രാചെലവ്. മറ്റ് ചെലവുകൾ ഇനത്തിൽ 10,51,000/- രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം 269 പ്രവർത്തികൾക്കായി 11,98,50,000/- രൂപ വകയിരുത്തിരുന്നതിൽ മേൽ പറഞ്ഞ പ്രകാരം 98 പ്രവർത്തികൾ മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. ആയതിൽ 16 എണ്ണം മാത്രമാണ് മെറ്റിരിയൽ പ്രവർത്തി വരുന്നുള്ളു.

### 1-9-1 തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല.

സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന മെറ്റീരിയൽ പ്രവർത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ശേഖരിക്കുന്നതിൽ പഞ്ചായത്ത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രവർത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ഒറ്റ ടെണ്ടറർ മുഖേന ഒന്നായി സമാഹരിക്കുന്നതിന് പകരം ഓരോ പ്രവർത്തിക്കും ആവശ്യമായ മെറ്റീരിയലുകൾ പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് ശേഖരിക്കുന്നത്. സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കൈകൊണ്ട ടെണ്ടറുകൾ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 35 മെറ്റീരിയൽ പ്രവർത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിനായാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ആയതിൽ എല്ലാംതന്നെ രണ്ട് കരാറുകാർ മാത്രം പങ്കെടുക്കുകയും പങ്കെടുത്ത കരാറുകാരിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്യുകയും മറ്റെ ആൾ 5% അധിക നിരക്കും ക്വാട്ട് ചെയ്തു കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവർത്തി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കേവലം മൂന്നോ, നാലോ വ്യക്തികളോ, സ്ഥാപനങ്ങളോ മാറി മാറി എസ്റ്റിമേറ്റ് നിരക്കിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ ഏറ്റടുക്കുന്ന സാഹചര്യമാണ് സാമ്പത്തിക വർഷം നിലനിൽക്കുന്നത്. ഇപ്രകാരം കരാറുകാരൻ സൈറ്റിൽ ഇറക്കുന്ന മെറ്റീരിയലുകൾ ആരും തന്നെ അളവ് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല.

### 1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല.

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടികൾ പരിശോധിച്ചതിൽ 1996-97 മുതൽ 2018-19 വരെ വിവിധ

റിപ്പോർട്ടുകളിലായി 195 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ കാര്യമായ നടപടികൾ കൈകൊണ്ടത് കാണുന്നില്ല. 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ 2016-17, 17-18, വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വളരെ കുറച്ച് തടസ്സ ഖണ്ഡികകൾ മാത്രമെ തീർപ്പായിട്ടുള്ളൂ. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 21-11-19 പുറപ്പെടുവിച്ചത് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയ ശേഷം നിശ്ചിത സമയപരിധിക്കകം മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് ശേഷം മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 15 ഖണ്ഡികകളിലെ തടസ്സങ്ങൾ തീർപ്പാക്കിയിട്ടുണ്ട്. 2017-18 വർഷത്തെ റിപ്പോർട്ട് 7.2.19 പഞ്ചായത്തിൽ ലഭിക്കുകയും പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ 8 ഖണ്ഡികകളിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടുണ്ടെങ്കിലും 14 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. അതേപൊലെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 29-8-17 തിയ്യതിയിൽ പഞ്ചായത്തിൽ ലഭ്യമാവുകയും പ്രഥമമറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിക്കുകയും 7 ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 21 ഖണ്ഡികകളിലെ തടസ്സങ്ങൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതും, പ്രഥമ മറുപടിക്കുശേഷം റിപ്പോർട്ടുകളിൻമേൽ തുടർനടപടികളില്ലാത്തതുമാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണമാവുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി സമർപ്പിച്ച് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് നൽകി

ഫയൽ നം. 3235/2019 തീ-18.09.2019 പ്രകാരം പുറമേരി വില്ലേജിലെ റീ.സ നം. 303/9 ലെ 9.12 ആർ വസ്തുവിൽ വാണിജ്യാവശ്യത്തിനായി 543.8 ച.മീ അളവിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനായുള്ള അനുമതിക്കായി ശ്രീ.ഇസ്മായിൽ, പുനത്തിൽ, പുറമേരി എന്നയാൾ അപേക്ഷിച്ചിരുന്നു. 16.10.2019 ന് സൈറ്റും പ്ലാനും പരിശോധിച്ച് അസി.എഞ്ചിനീയർ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയുന്ന ന്യൂനതകൾ രേഖപ്പെടുത്തി പരിഹരിക്കുന്നതിനായി പ്ലാൻ തിരികെ നൽകി.

I) ആവശ്യമായ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

Ii) ഗ്രൗണ്ട് ഫ്ലോറിൽ നിന്ന് റാംപ് വന്നു ചേരുന്ന പാസേജിന്റെ വീതി വ്യക്തമല്ല.

iii) ഒന്നാം നിലയിൽ കെട്ടിടത്തിന്റെ വലതു ഭാഗത്തെ പാസേജിന് ആവശ്യമായ വീതിയില്ല.

13.11.2019 ന് പുനർസമർപ്പിച്ച പ്ലാനിൽ ന്യൂനതകൾ പരിഹരിച്ചതായി പരിശോധന നടത്തിയ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12.12.2019 ന് 2691 രൂപ പെർമിറ്റ് ഫീസ് ഈടാക്കി 19.12.2019 ന് ബി1-353029/19 നമ്പർ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

20.11.2019 തീയതിയിലെ 201/RD1/2019/LSGD നമ്പർ സർക്കുലർ പ്രകാരം 07.11.2019 വരെ സമർപ്പിച്ച പെർമിറ്റ് അപേക്ഷകൾക്കും, 07.11.2019 ന് മുമ്പ് സമർപ്പിച്ച അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെട്ട കേസുകളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ബാധമാകുന്നതാണ്.

ശ്രീ.ഇസ്മായിൽ പുനർസമർപ്പിച്ച പ്ലാനിന് അനുമതി നൽകിയെങ്കിലും താഴെ പറയുന്ന അപാകത നിലനിൽക്കുന്നു.

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം ഏതു കെട്ടിടത്തിലേയും ഇടനാഴി, വരാന്ത, പ്രവേശന മാർഗ്ഗങ്ങൾ തുടങ്ങിയവയുടെ വീതി ഒരു കാരണവശാലും 1 മീറ്ററിൽ താഴെ കുറയാവുന്നതല്ല. എന്നാൽ പുനർസമർപ്പിച്ച പ്ലാനിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വലതു ഭാഗത്തെ ഇടനാഴിക്ക് 0.75 മീറ്ററും പുറക് വശത്തെ ഇടനാഴിക്ക് 0.60 മീറ്ററും മാത്രമാണ് വീതി.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (2011) ചട്ടം 46 പ്രകാരമുള്ള വീതി ഇടനാഴിക്ക് പ്ലാനിലും കെട്ടിടത്തിലും നൽകാതിരുന്നിട്ടും പെർമിറ്റ് നൽകിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു

പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 441 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപ്പെട്ടു.

| ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ |
|---|---|---|---|---|

| അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | | | ഉപയോഗ ക്രമം |
|---|---|---|---|---|
| 60 അബ്ദുസലാം.ആർ | ഫോട്ടോസ്റ്റാറ്റ്, ട്രാവൽസ് നടത്തുന്നതിന് | 6/179 | രായോത്ത് പൊയിൽ സൂപ്പി, എളയടം, കടമേരി | പാർപ്പിടാ വശ്യം |
| 64 ബാലൻ.കെ | പലചരക്ക് കച്ചവടം | 11/301 | അബ്ദുള്ള, കിഴക്കെ കല്ലുവെട്ടി കുഴിയിൽ, അരൂർ | പാർപ്പിടാ വശ്യം |
| | | 11/302 | കിഴക്കെ കല്ലുവെട്ടികുഴി മാതു, രാജീവൻ, സജീവൻ, ബിന്ദു രാജേഷ് | |
| 163 ലിജേഷ് | പലചരക്ക് കച്ചവടം | 6/387 | ലീന, ലിനീഷ്, ലിജേഷ്, മീത്തലെത്തച്ചിൽ, അരൂർ | പാർപ്പിടാ വശ്യം |
| 175 കെ.രവീന്ദ്രൻ | പലചരക്ക്, സ്റ്റേഷനറി കച്ചവടം | 8/421 | കൃഷ്ണവൈദ്യർ, കായുള്ള പറമ്പത്ത്, അരൂർ | പാർപ്പിടാ വശ്യം |
| | | 8/422 | പൊക്കൻ, മഴക്കോത്ത്, അരൂർ | |
| | | 8/423 | കുമാരൻ, മഴക്കോത്ത്, അരൂർ | |
| | | 8/424 | കുഞ്ഞിക്കണ്ണൻ, | |

| | | | | |
|---|---|---|---|---|
| | | | മഴക്കോത്ത്, അത്രൂർ | |
| 195 മോഹനൻ | ബേക്കറി | 11/339 | അഹമ്മദ്, അങ്ങാടി പറമ്പത്ത്, അത്രൂർ | പാർപ്പിടാവശ്യം |
| 114 പ്രശാന്ത്.സി.പി | പച്ചക്കറി കച്ചവടം | 10/420 | - | ആരാധനാലയം |
| 95 ഷൈമജ | ഹോട്ടൽ നടത്തുന്നതിന് | 17/716 P | - | കെട്ടിടം നിലവിലില്ല |
| 97 ശരീഫ | ഫ്ലോർമിൽ നടത്തുന്നതിന് | 14/314 E | - | കെട്ടിടം നിലവിലില്ല |
| 104 നാരായണൻ | സ്റ്റേഷനറി, കൂൾബാർ നടത്തുന്നതിന് | 5/447 F | - | കെട്ടിടം നിലവിലില്ല |
| 111 അമ്മദ് | പലചരക്ക് കച്ചവടം | 3/37 A | - | കെട്ടിടം നിലവിലില്ല |
| 169 സുമിത്രൻ | സ്റ്റേഷനറി കച്ചവടം | 10/498 E | - | കെട്ടിടം നിലവിലില്ല |
| 425 ദാമോദരൻ | ഫ്ലോർമിൽ നടത്തുന്നതിന് | 3/255 A | - | കെട്ടിടം നിലവിലില്ല |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ

പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1-13 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 2/362 A | പവിത്രൻ, ചോയിക്കണ്ടി, താഴകുനിയിൽ, കല്ലാച്ചി | 30.18 $M^2$, താഴത്തെ നില വാണിജ്യം | 1449+ 73 (5% LC) = 1522 |
| 2/362 B | | 30.18 $M^2$, താഴത്തെ നില വാണിജ്യം | 1449+ 73 (5% LC) = 1522 |
| 2/362 C | | 30.18 $M^2$, താഴത്തെ നില വാണിജ്യം | 1449+ 73 (5% LC) = 1522 |
| 2/362 D | | 30.18 $M^2$, താഴത്തെ നില വാണിജ്യം | 1449+ 73 (5% LC) = 1522 |

| | | | |
|---|---|---|---|
| | ആകെ | 120.72 $M^2$ | 5796 + 292 (5% LC) = 6088 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം- 120.72ച.മീ

120.72 X 50 = 6036 + (20% വഴിസൗകര്യം വർദ്ധനവ്)

= 7244 + 363 (5% LC) = 7607

ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 7607

ഈടാക്കിയ നികുതി - 6088

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (7244 + 363 ) - (5796 + 292)

1448 + 71 (5% LC) = 1519

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം, 5% ഇളവ് - ബഹുനില വാണിജ്യാവശ്യം) |
|---|---|---|---|
| 10/212 C | അമ്മത്, സൈനബ, ഹാജറ കല്ലുവെട്ടുകുഴിയിൽ, അത്തൂർ | 58.275 $M^2$, ഒന്നാം നില വാണിജ്യം | 2659 + 133 (5% LC) = 2792 |
| 10/212 D | | 55.69 $M^2$ , ഒന്നാം നില വാണിജ്യം | 2541 + 128 (5% LC) = 2669 |

| | | | |
|---|---|---|---|
| 10/212 E | | 67.185 $M^2$ , ഒന്നാം നില വാണിജ്യം | 3064 + 154 (5% LC) = 3218 |
| | ആകെ | 181.15 $M^2$ | 8264 + 415 (5% LC) = 8679 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം- 181.15 ച.മീ

181.15 X 50 = 9057.5 + (20% വഴിസൗകര്യം വർദ്ധനവ്)-( 5% ബഹുനിലവാണിജ്യാവശ്യം ഇളവ് )

= 10326 + 517 (5% LC) = 10843

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 10843

ഈടാക്കിയ നികുതി - 8679

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം

(10326+ 517) – (8264 + 415)

2062 + 102 (5% LC) = 2164

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുനപരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

1-14 ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും

ലൈസൻസ് - അപാകതകൾ

പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 ഓഡിറ്റിന്റ ഭാഗമായി ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I) കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കുന്നു

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടം 7 ലെ പട്ടിക II പ്രകാരം ഉത്പാദന മേഖലയിൽ 25 ലക്ഷത്തിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷത്തിൽ കൂടാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു.

ആകെ 441 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയോ/പുതിയ ലൈസൻസ് എടുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 335 സ്ഥാപനങ്ങൾക്ക് 100/- രൂപാ വീതവും, 79 സ്ഥാപനങ്ങൾക്ക് 200/- രൂപാ വീതവും, 15 സ്ഥാപനങ്ങൾക്ക് 300/- രൂപാ വീതവും 5 സ്ഥാപനങ്ങൾക്ക് 400/- രൂപാ വീതവും ആണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ കുറച്ച് ഈടാക്കിയതു മൂലം ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2018 ലെ ചട്ടം പട്ടിക II-ൽ നിഷ്കർഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായ തുക ലൈസൻസ് ഫീസായി ഈടാക്കിയതിൽ വിശദീകരണം നൽകേണ്ടതാണ്.

II) ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

സ.ഉ.(പി) 80/2017/തസ്വഭവ തീയതി 31.10.2017 പ്രകാരം ഭേദഗതി ചെയ്ത കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ പുറമേരി ഗ്രാമപഞ്ചായത്തിലെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്

പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 441 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 134 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1688 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ പുറമേരി ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 3 ആണ്. അതായത് 1685 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് അനുമാനിക്കാം. ഓഡിറ്റ് വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 441 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട എഫ്.ടി.ഇ & ഒ.എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 559 ആണ്. അതായത് നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.

കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി-അപാകതകൾ

### (I)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2019-20 സാമ്പത്തിക വർഷം പുറമേരി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. കെ.കുമാരൻ, കണിയന്റവിട, കോടഞ്ചേരി

2) ശ്രീ. എൻ.രാഘവൻ, പടിഞ്ഞാറെമുക്കത്ത്, വെള്ളിക്കുളങ്ങര

3) ശ്രീ. കെ.ടി.കെ.ബാബു, രായരങ്ങോത്ത്

4) ശ്രീ. വിപിൻകുമാർ, പുന്നേരി, രായരങ്ങോത്ത്

5) ശ്രീ. സുജനപാൽ.വി.കെ, വട്ടകണ്ടിയിൽ, പുറമേരി

6) ശ്രീ. പവിത്രൻ.പി, പുന്നേരി, രായരങ്ങോത്ത്

7) ശ്രീ. ശശീന്ദ്രൻ.ഐ, നാഥ്, രായരങ്ങോത്ത്

8) ശ്രീ. പ്രവീൺകുമാർ.ടി.എം, ആരതി, പുഴംകാവിൽ

9) ശ്രീ. ശ്രീജിത്ത്.എസ്, ശ്രീജ നിലയം, പുതിയരക്കര

10) ശ്രീ. സോമൻ.കെ.ടി.കെ, സാവന്റവിട, മടപ്പള്ളി

11) ശ്രീ. രജിത്ത്.കെ.പി, കാരക്കാട്പറമ്പിൽ, മടപ്പള്ളി

12) ശ്രീ. അബ്രഹാം.ടി.തോമസ്, പുല്ലാറ്റ്

13) ശ്രീ. അബ്ദുൾ ഗഫൂർ, മുതലതിൽ

14) ശ്രീ. രവീന്ദ്രൻ.പി.കെ, ശോഭാ നിവാസ്, രായരങ്ങോത്ത്

15) ശ്രീ. ലതീഷ്.കെ, കണ്ണോത്ത്, രായരങ്ങോത്ത്

16) ശ്രീ. അശ്വിൻ.ജെ.അശോക്

<u>Ii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. പുറമേരി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) അൽഫർഖാൻ അറബിക് കോളജ്

2) ക്ഷീരോൽപാദന സഹകരണ സംഘം, അത്തർ

3) ക്ഷീരോൽപാദന സഹകരണ സംഘം, കല്ലമ്പുറം

4) നാഷണൽ എഞ്ചിനിയറിംഗ്

5) മോഡേൺ ക്ലീനിക്

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/19-20, തീ-19.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽനികുതി സ്ലാബ് നിർണ്ണയത്തിനുവേണ്ട മുഴുവൻ വിവരങ്ങളും സ്ഥാപന മേധാവികൾ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വീട് വാസയോഗ്യമാക്കൽ - മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല

വി.ഇ.ഒ. നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം രണ്ടു പ്രോജക്ടുകളിലായി ഒന്നാം ഗഡു കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയതായി കാണുന്നില്ല.

വീട് വാസയോഗ്യമാക്കൽ ( ജനറൽ ) പ്രോജക്ട് നമ്പർ 23/19-20

| പേര് | ഒന്നാം ഗഡു | തിയ്യതി |
|---|---|---|
| 1. കദീശ ചാലിൽ, പുറമേരി, വാർഡ്-2 | 25000 | 22.11.2019 |
| 2. പ്രേമ രവീന്ദ്രൻ, പുത്തൻ പുരയിൽ, അട്ടൂർ, വാർഡ് -6 | 25000 | 10.02.2020 |

വീട് വാസയോഗ്യമാക്കൽ ( ആശ്രയ ) പ്രോജക്ട് നമ്പർ 92/19-20

| പേര് | ഒന്നാം ഗഡു | തിയ്യതി |
|---|---|---|
| 1. നാരായണി, ചേര്യാം കണ്ടയിൽ, അത്തർ | 19861 | 17.03.2020 |

| | | |
|---|---|---|
| | 17639 | 22.02.2021 |

നിർമ്മാണം പൂർത്തീകരിക്കാത്ത മേൽ ഗുണഭോക്താക്കൾ ആയത് പൂർത്തീകരിക്കാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തിയായില്ല

വി.ഇ.ഒ. നടപ്പിലാക്കിയ (പ്രോജക്ട് 20/19-20) ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി 2018-19 വർഷം ആദ്യ ഗഡു നൽകുകയും, നാളിതുവരെ ഭവനനിർമ്മണം പൂർത്തിയാക്കാത്തതുമായ 2 ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആദ്യഗഡു നൽകിയത് | അവസാന ഗഡു നൽകിയത് | ആകെ |
|---|---|---|---|
| 1.മൈഥിലി.സി.കെ, ചെറുവറ്റ കുന്നമ്മൽ പുറമേരി | 40,000/ 27.03.2016 | 50,000/ 25.09.2021 | 2,50,000 |
| 2.ശാന്ത ചവലേരി, പുറമേരി | 40,000/ 11.12.2018 | 100000/ 17.03.2020 | 3,00,000 |

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 34/2018/ തസ്വഭവ. തിയ്യതി 16.03.2018 പ്രകാരം ഗുണഭോക്താവ് ഒന്നാം ഗഡു കൈപ്പറ്റിയ തിയ്യതി മുതൽ 6 മാസം കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താക്കൾ ആയത് പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-18 പൊതു വാട്ടർടാപ്പുകൾ - സംയുക്ത പരിശോധന തടത്തിയില്ല

2019-20 വർഷം 99 ടാപ്പുകൾക്കായി 43,313/- രൂപ പ്രതിമാസം അടവാക്കുകയും 2021-22 വർഷം ഈ തുക 45,482/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ കണക്കെടുക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഡാറ്റ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 3-18) 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 1-18) ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെയായി സംയുക്ത പരിശോധന നടത്താത്തതിന്

വിശദീകരണം നൽകേണ്ടതാണ്.

1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സംക്ഷിപ്തം പ്രകാരം 3,74,571/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു.

വിവിധ അക്കൌണ്ടുകളിലായി 1991-92 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞ നിലനിൽത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

1-20 ഭക്ഷണവിതരണം പോലും നടക്കാതെ അഗതിരഹിത കേരളം-പ്രൊജക്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. പുറമേരി പഞ്ചായത്ത് ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ 3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 29.1.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പുറമേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 110 കുടംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രോജക്ടിന്റെ മൊത്തം അടങ്കൽ 1,77,06,200/- രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 4000000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ആദ്യഗഡുവായി ലഭിക്കേണ്ട 13,33,333/- രൂപയിൽ ആശ്രയ ഫണ്ടിൽ അവശേഷിക്കുന്ന 558027/- രൂപ കഴിച്ച് 775306/- രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. പ്രോജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവന പരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളു. നിലവിൽ സർക്കാരിൽ നിന്നും ലഭ്യമായ ചലഞ്ച് ഫണ്ട് ആദ്യഗഡു ഉപയോഗപ്പെടുത്തി കഴിഞ്ഞതിനാൽ 2022 ജനുവരി മാസം മുതൽ പ്രോജക്ടിന്റെ പ്രധാന ഘടകമായ ഭക്ഷണ വിതരണം പോലും നടത്താൻ കഴിയാത്ത അവസ്ഥ പഞ്ചായത്തിൽ സംജാതമായിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ട അഗതി കുടുംബങ്ങൾക്ക് കിടപ്പാടം, ഭവനം. കുടിവെള്ളം, കക്കൂസ്, മുതലായവ ലഭ്യമാകുന്നതിന് പഞ്ചായത്ത് കാര്യമായ നടപടികളൊന്നും കൈകൊണ്ടു കാണുന്നില്ല. ഭവനനിർമ്മാണം ആവശ്യമുള്ള 21 കുടുംബങ്ങൾ പദ്ധതിയിൽ ഉണ്ടെങ്കിലും കേവലം 4 കുടുംബങ്ങൾക്ക് മാത്രമാണ് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിച്ചിരിക്കുന്നത്. അവശേഷിക്കുന്ന 17 പേരിൽ 16 പേരും ലൈഫ്

ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കുടുംബശ്രീയിൽ നിന്നും അറിയിച്ചു. സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമ പരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. അതേ പോലെ ഭവനറിപ്പയർ ആവശ്യമുള്ള 28 കുടുംബങ്ങളിൽ 8 പേർക്ക് മാത്രമാണ് ഭവനപുനരുദ്ധാരണത്തിന് സഹായം നൽകിയിരിക്കുന്നത്. കിടപ്പാടം ആവശ്യമുള്ള കുടുംബത്തിന് ആയത് അനുവദിച്ചു കാണുന്നില്ല. കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ആവശ്യമുള്ളവരിൽ ആർക്കെങ്കിലും ആയവ അനുവദിച്ചോ എന്ന് വ്യക്തമാക്കിയിട്ടില്ല.

അഗതിരഹിത കേരളം പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1) അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പുതിയ എക്കൌണ്ട് ആരംഭിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും കുടുബശ്രീയുടെ പഴയ ആശ്രയ എക്കൌണ്ടാണ് അഗതിരഹിത കേരളം പ്രോജക്ടിനായി ഉപയോഗിക്കുന്നത്.

2)അഗതി കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.

3)ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയുരുത്തൽ സമിതി വർഷത്തിലൊരിക്കൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

4) അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അത്തരമൊരു ഉപസമിതി രൂപീകരിച്ചതായി കാണുന്നില്ല.

1-21 അത്തൂർ ഒളോർ മാവിന് ഭൗമസൂചിക പദവി- കേരള കാർഷിക സർവകലാശാലക്ക് അടവാക്കിയ തുക പൂർണമായും വിനിയോഗിക്കപ്പെട്ടില്ല.

പ്രോജക്ട് നമ്പർ- 177/20

വകയിരുത്തിയ തുക-360000

ചെലവു തുക- 350000(order No 217/27.2.20)

പുറമേരി പഞ്ചായത്തിലെ അത്തൂർ പ്രദേശത്ത് രൂപം കൊണ്ട ഒളോർ മാങ്ങയുടെ സംരക്ഷണത്തിനും ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിനും അത് വഴി മാങ്ങയുടെ വിപണി സാധ്യത വർദ്ധിപ്പിക്കുന്നതിനും, രോഗ കീടങ്ങളെ നശിപ്പിക്കുന്നതിനും കാർഷിക സർവകലാശാല മുഖേനയുള്ള പഠനത്തിനായി ജില്ലാ പ്ലാനിംഗ് കമ്മറ്റിയുടെ പ്രത്യേകാനുമതിയോടുകൂടി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം 3,50,000/- രൂപ മേൽ  പ്രകാരം പിൻവലിച്ച് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്ക് കൈ മാറിയിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച് അഗ്രികൾച്ചർ യൂണിവേഴ്സിറ്റി 7/12/21-ൽ ലഭ്യമാക്കിയ യൂട്ടിലൈസേഷൻ പത്രിക പ്രകാരം 2-9.21 വരെ 92246 രൂപ വിനിയോഗിക്കപ്പെട്ടതായും അവശേഷിക്കുന്ന തുക 2021-22 സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് കൈമാറിയ മുഴുവൻ തുകയും വിനിയോഗിക്കപ്പെട്ടതായ സർവകലാശാലയിൽ നിന്നുള്ള സാക്ഷ്യപത്രം, പ്രോജക്റ്റ് പ്രകാരം സർവകലാശാല മുഖേന നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്..

1-22   ജലനിധി എക്കൌണ്ടിൽ വൻ തുക നീക്കിയിരിപ്പ് -വിശദവിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭം കുറിച്ച ജലനിധി പദ്ധതി പ്രകാരം സാങ്കേതികാനുമതി ലഭിച്ച 35 പ്രവർത്തികളിൽ നാളിതുവരെ 28 കുടിവെള്ള പദ്ധതികൾ മാത്രമെ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുപ്രകാരം പ്രവർത്തി പൂർത്തീകരിച്ച് എക്സിറ്റ് ആയിട്ടുള്ളൂ. അവശേഷിക്കുന്ന 7 പദ്ധതികൾ ഓഡിറ്റ് തിയ്യതിവരെ പൂർത്തീകരിച്ച് എക്സിറ്റാവാത്തതിന്റെ കാരണം വിശദമാക്കിയിട്ടില്ല. പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടുംഭീമമായ തുകമുടക്കി ആരംഭിച്ച കുടിവെള്ള പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാവാതെ പോവുന്നത് സംബന്ധിച്ച് ഭരണസമിതി യോഗങ്ങളിലോ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മീറ്റിംഗിലോ ചർച്ചക്ക് വന്നതായി കാണുന്നില്ല. അതേപൊലെ പഞ്ചായത്തിലെ ജലനിധി പദ്ധതികൾക്കായി സ്റ്റേറ്റ് ബാങ്കിലുള്ള എക്കൌണ്ടിൽ 69,27,448/- രൂപ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പ കാണുന്നുണ്ട്. ആയത് 2020-21 മാർച്ച് 31ന് 7213798 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ നീക്കിയിരിപ്പ് ഏതെല്ലാം ഇനത്തിൽ ഉൾപ്പെട്ട തുകയാണെന്നത് സംബന്ധിച്ച കണക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ജലനിധി പദ്ധതികളിൽ ഭൂരിഭാഗവും എക്സിറ്റാവുകയും അവശേഷിക്കുന്നവ എക്സിറ്റ് ഘട്ടത്തിൽ എത്തിനിൽകുന്ന അവസരത്തിൽ ഇത്രയും ഭീമമായ തുക നീക്കിയിരിപ്പ് വരാൻ സാധ്യത വിരളമാണ്. ആയതിൽ എക്സിറ്റായ പദ്ധതികൾക്ക് ലഭ്യമായ സർക്കാർ ഷെയർ (ജി.ഒ.കെ ഷെയർ), ഗ്രാമപഞ്ചായത്ത്

ഷെയർ എന്നീ ഇനത്തിൽ വരവുവന്ന തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക, ഏതെങ്കിലും പദ്ധതിക്കായി വന്ന സർക്കാർ ഷെയർ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തി തിരികെ അടവാക്കാൻ നടപടികൾ കൈകൊള്ളേണ്ടതും പ്രവർത്തനക്ഷമമായിട്ടില്ലാത്ത ജലനിധി പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ നിലവിൽ പഞ്ചായത്ത് കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശത്തിൻമേൽ കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്.

1-23 തനത് ഫണ്ടിനത്തിൽ ലഭ്യമായതിലും കൂടിയ തുക പ്രൊജക്ടുകൾക്ക് വകയിരുത്തുന്നു .

സ്ഥാപനത്തിന്റെ സാമ്പത്തിക വർഷത്തെ ചെലവുപത്രിക പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽനിന്നും 70,30,809/- രൂപ വകയിരുത്തുകയും 25,63,493/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 5.1(3) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽനിന്നും നിഷ്കർഷിച്ച അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ചശേഷം മിച്ചമുള്ള തുക തനത് ഫണ്ട് എന്നസ്രോതസ്സായി പദ്ധതിയിൽ വകയിരുത്തണം. എന്നാൽ പഞ്ചായത്തിൽ തനത് ഫണ്ട് വകയിരുത്തിയപ്പോൾ ആയത് പരിഗണിച്ചുകാണുന്നില്ല. 18-19 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് (19-20 മുന്നിരിപ്പ്) ബാങ്ക്, ട്രഷറി എകൗണ്ടുകളിലായി അവശേഷിക്കുന്നത് 1,00,76,101/- രൂപയാണ്. ആയതിൽ മറ്റ് പ്രത്യേക ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭ്യമായതും ചെലവഴിക്കാതെ തനത് ഫണ്ട് എക്കൌണ്ടിൽ അവശേഷിക്കുന്നതുമായ തുക 4991915 രൂപയുണ്ട്. (2018-19 ബാലൻഷീറ്റ് B4) ആയത് കുറവ് ചെയ്താൽ തനത് ഫണ്ട് നീക്കിയിരിപ്പ് 50,84,186/- രൂപയാണ്. ഇതിൽ നിന്നും തൻവർഷം നൽകാനുള്ളതും ബാധ്യതയായി അവശേഷിക്കുന്നതുമായ തുക B.9, B.7 എന്നിവ പ്രകാരം 11,55,560/- രൂപയുണ്ട്. ഇതുകൂടി കുറവു ചെയ്താൽ 39,28,626/- രൂപമാ ത്രമെ 2018-19 സാമ്പത്തിക വർഷം നീക്കിയിരിപ്പ് അതായത് 19-20-ൽ യഥാർത്ഥ മുന്നിരിപ്പായുള്ളൂ. ഈ ഒരു സാമ്പത്തിക സ്ഥിതിയാലാണ് തൻവർഷത്തെ തനത് ഫണ്ട് വരവു കൂടി പ്രതീക്ഷിച്ച് 70,30,809/- രൂപ തനത് ഫണ്ടിൽ നിന്നും പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നത്. തൻ വർഷത്തെ യഥാർത്ഥ തനത് ഫണ്ട് വരവും, ചെലവും പരിശോധിച്ചതിൽ ടാക്സ്, ഫീസ് ഉൾപ്പെടെ തനത് വരുമാനം 59,08,547/- രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് വരവ് 1,20,18,982/- രൂപയും ഉൾപ്പെടെ ആകെ 1,79,27,529/- രൂപ വരവുണ്ട്. ആയതിൽ ശമ്പള ചെലവുകൾ, ഓപ്പറേഷൻ & മെയിന്റനൽസ്, ഭരണ ചെലവുകൾ എന്നിവക്കു തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ (I.12(B), 1.10(B)1.11(b) 15674780 രൂപ വരുന്നുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ തനത് വരവ് ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ കഴിച്ച്

പ്രോജക്ടുകൾക്ക് ഇത്രയും ഭീമമായ തുക വകയിരുത്താൻ പര്യാപ്തമല്ലെന്ന് കാണാം. ആവശ്യമായ ലഭ്യത ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനാൽ തനത് ഫണ്ട് എക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനും, അല്ലെങ്കിൽ തനത് ഫണ്ട് വിഹിതം ചെലവഴിക്കപ്പെടാതിരിക്കുന്നതിനും കാരണമാവും. തനത് ഫണ്ട് ലഭ്യത പരിഗണിക്കാതെ പ്രോജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾക്ക് തനത്ഫണ്ട് വകയിരുത്തുന്നതിന് മുമ്പ് ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് സെക്രട്ടറിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിക്ക് മുമ്പിൽ യഥാർത്ഥ കണക്ക് അവതരിപ്പിക്കുന്നതിൽ വരുന്ന വീഴ്ചയാണ് ലഭ്യമായതിലും കൂടിയ തുക തനത് ഫണ്ടിനത്തിൽ പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ ഇടവരുന്നത്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1-24 തെങ്ങ് കൃഷി വികസനം -പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ.

പ്രൊജക്ട് നമ്പർ 24/19-20

വകയിരുത്തിയ തുക- 852500

ചെലവുതുക- 627404

മേൽ പ്രൊജക്ട് പ്രകാരം തെങ്ങിന് ജൈവവളം, രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം, പകരം തെങ്ങിൻ തൈകൾ നൽകൽ എന്നിവയാണ് നടപ്പിലാക്കാനുള്ളത്. ആയത് പ്രകാരം പ്രോജക്ടിന് തുക ചെലവഴിച്ചിരിക്കുന്നതിൽ ഓഡിറ്റി ന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ - പ്രൊജക്ട് നിർവഹണം ധനസഹായ വിതരണത്തി ലൊതുങ്ങി.

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയത് നടുന്നതിനു സാമ്പത്തിക വർഷം 324 ഗുണഭോക്താക്കൾക്ക് 625 തെങ്ങുകൾ വെട്ടിമറ്റിയതിന് തെങ്ങൊന്നിന് 500 രൂപ പ്രകാരം തെങ്ങുകൾ വെട്ടിമാറ്റിയതുനുള്ള ചെലവിനത്തിൽ 3,12,500/- രൂപ അനുവദിക്കുകയും പകരം വെക്കുന്ന തെങ്ങിൻ തൈകൾക്കുള്ള വിലയിനത്തിൽ 60,000/- രൂപ റെയ്ഡ്കോ പേരാമ്പ്ര എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. വെട്ടിമാറ്റിയ തെങ്ങുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് മുമ്പ് അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആയത് അനുവദിക്കുന്നതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തി കാണുന്നില്ല. ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയോടൊപ്പം ഗുണഭോക്താക്കൾ തെങ്ങുകൾ മുറിച്ചു മാറ്റിയതിന്റെ രേഖകളോ അപേക്ഷകളിൽ കൃഷി അസിസ്റ്റന്റ് പരിശോധന നടത്തി

തെങ്ങ് മുറിച്ചുമാറ്റിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയോ കൃഷി ഓഫീസർ ആയത് പരിശോധിച്ച് ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കളുടെ ബാങ്ക് എക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ രേഖകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. അതേപോലെ റെയ്ഡ്കോ മുഖേന വാങ്ങിയ തെങ്ങിൻ തൈകൾ വിവിധ വാർഡ് മെമ്പർമാർ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയതല്ലാതെ ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് മോണിട്ടറിംഗിന് വിധേയമാക്കേണ്ട കൃഷി അനുബന്ധ മേഖലകളിലെയും വർക്കിംഗ് ഗ്രൂപ്പ് ആയത് മോണിട്ടറിംഗിന് വിധേയമാക്കിയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താക്കൾക്ക് കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യം ലഭ്യമാവുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ ശ്രദ്ധ ചെലുത്താത്തത് മൂലമാണ് ഇത്തരം പ്രോജക്ടുകൾ ധനസഹായ വിതരണത്തിലൊതുങ്ങുന്നത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>ജൈവവള വിതരണം – ഒരേ വളത്തിനും ,ഡോളോമൈറ്റിനും വ്യത്യസ്ത നിരക്കിൽ വില അനുവദിച്ചു.</u>

മേൽ പ്രോജക്ട് പ്രകാരം സാമ്പത്തിക വർഷം 260 കർഷകർക്ക് തെങ്ങിന് ജൈവവള വിതരണത്തിനായി 386218/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഹാജരാക്കിയ കാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് എക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. ഹാജരാക്കിയ കാഷ് ബിൽ പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് തെങ്ങൊന്നിന് 2 കിലോ വേപ്പിൻ പിണ്ണാക്ക്, 1കിലോ ഡോളോമൈറ്റ് എന്നിവയാണ് വിതരണം ചെയ്തിരിക്കുന്നത്. രണ്ട് ഡീലർമാരിൽ നിന്നുള്ള കാഷ് ബില്ലിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നത്. ആയതിന്റെ വില പരിശോധിച്ചതിൽ രണ്ടിനങ്ങൾക്കും വ്യത്യസ്ത നിരക്കിലാണ് ഡീലർമാർ തുക ഈടാക്കിയി രിക്കുന്നത്. പുറമേരി സർവീസ് സഹകരണ ബാങ്ക് വേപ്പിൻ പിണ്ണാക്ക് കിലോക്ക് 26 രൂപക്കും ഡോളോമൈറ്റ് 7 രൂപക്കും നൽകിയപ്പോൾ പി.കുഞ്ഞിരാമൻ ഫാക്ട് ഡിപ്പോ അത്തൂർ എന്ന ആൾ വേപ്പിൻ പിണ്ണാക്ക് 29 രൂപക്കും ഡോളോമൈറ്റ് 8 രൂപക്കുമാണ് നൽകിയത്. വ്യത്യസ്ത നിരക്കിൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നും വളം വാങ്ങിയതു മൂലം നല്ലൊരു തുക വികസന ഫണ്ടിൽ നിന്നും അധിക ചെലവ് വരാൻ ഇടയായിട്ടുണ്ട്. പുറമേരി സർവീസ് സഹകരണബാങ്ക് മുഖേന മാത്രം വളം വിതരണം അനുവദിച്ചിരുന്നെങ്കിൽ ഈ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. ആയത് മാത്രമല്ല 22.6.19 ന് ചേർന്ന പർച്ചേസിംഗ് കമ്മറ്റി തീരുമാനം പരിഗണിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥ വളത്തിനായി തുക ചെലവഴിച്ചിരിക്കുന്നത്. മേൽ തിയ്യതിയിലെ 12/19-20 നമ്പർ തീരുമാന പ്രകാരം കൃഷി ഓഫീസർ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്കാവശ്യമായ വളം, തൈകൾ എന്നിവ സർക്കാർ സംവിധാനം മുഖേന

വാങ്ങി നൽകാനാണ് തീരുമാനം കൈകൊണ്ടത്. പർച്ചേസിംഗ് കമ്മറ്റി തീരുമാനത്തിന് വിരുദ്ധമായും, വ്യത്യസ്ത നിരക്കിലും വേപ്പിൻ പിണ്ണാക്ക്, ഡോളോമൈറ്റ് എന്നിവ വിതരണം ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-25 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ തൈകളുടെയും വിത്തുകളുടെയും വിതരണ വിവരം ലഭ്യമാക്കിയില്ല.

സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ വാഴക്കന്നുകൾ, ഇടവിളകൃഷി കിറ്റ്, പച്ചക്കറി തൈകൾ എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 17/20 വാഴക്കന്ന് വിതരണം വനിത | 153000 | 153000 (ബിൽ നമ്പർ 9/ 19-20 തി 6.11.19 | റെയ്ഡ്കോ മുഖേന വാങ്ങിയ 10200 വാഴക്കന്നുകൾ വിവിധ വാർഡുകളിൽ വിതരണം ചെയ്തതിൽ 1, 5, 13, 14, 15 വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. മാത്രമല്ല ഒരുഗുണ ഭോക്താവിന് എത്ര കന്നുകൾ വീതമാണ് അനുവദിക്കുന്നത് എന്ന് പ്രോജക്ടിലോ, ലഭ്യമാ ക്കിയ വാർഡുകളിലെ വിതരണ പത്രികയിലോ |

| | | | |
|---|---|---|---|
| | | | രേഖപ്പെടു ത്തിയിട്ടില്ല |
| 185/19-20 – പച്ചക്കറി തൈ വിതരണം | 100000 | 75000 (ബിൽ നമ്പർ 38,39,46 തി 17.3.20 | കാർഷിക കർമ്മസേന പുറമേരി മുഖേന വാങ്ങിയ തക്കാളി, വഴുതന, പയർ, മുളക് എന്നിവയുടെ തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. |
| 18/19-20 ഇടവിള കിറ്റ് വിതരണം | 800000 | 399000 (ബിൽ നമ്പർ 17/ 19-20 തി 18.1.20) | 4200 കിലോ മഞ്ഞൾ, 2700 കിലോ ചേമ്പ് എന്നിവ റെയ്ഡ്കോ മുഖേന വാങ്ങി 2513 കിറ്റുകളിലായി വിവിധ വാർഡ് മെമ്പർമാർ കൈപ്പറ്റിയിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |

വിത്തുകൾ, തൈകൾ എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ചെലവുതുക 6,27,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-26 എസ്.എസ്.എ. വിഹിതം അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായതുകമാത്രം അടവാ ക്കുന്നു.

പ്രോജക്ട് നമ്പർ- 1/20

വകയിരുത്തിയ തുക- 498656

ചെലവുതുക- 498656 (ബിൽ നമ്പർ-7/19-20 തി 2-9.19)

നിർവഹണം - സെക്രട്ടറി

മേൽ പ്രോജക്റ്റു പ്രകാരം വികസന ഫണ്ടിൽ നിന്നും 498656/- രൂപ പിൻവലിച്ച് എസ്.എസ്.എ വിഹിതം ഇനത്തിൽ ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സമഗ്രശിക്ഷാ കേരളം (എസ്.എസ്.കെ) പ്രോജക്ട് ഓഫീസർ 25/6/19 ന് പഞ്ചായത്തിന് ലഭ്യമാക്കിയ കത്തിൽ സാമ്പത്തിക വർഷത്തിൽ എസ്.എസ്.കെ മുഖേനയുള്ള പ്രവർത്തനങ്ങൾക്കായി 53 ലക്ഷം രൂപ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് ആവശ്യമുണ്ടെന്നും ആയതിന്റെ 40% തുകയായ 21.2 ലക്ഷം രൂപ എസ്.എസ്.കെ -ക്ക് അടവാക്കുന്നതോടൊപ്പം 2017-18 ൽ അടവാക്കാൻ അവശേഷിക്കുന്ന 8.72 ലക്ഷം രൂപ കൂടി അടവാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ആയത് പരിഗണിക്കാതെ മുൻവർഷം അടവാക്കിയതുപോലെ 498656/- രൂപ മാത്രമെ സാമ്പത്തിക വർഷത്തിലും അടവാക്കി കാണുന്നുള്ളൂ. സ.ഉ നമ്പർ 11/18 തി 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും ഗവ. നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതും പ്രോജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം തുക അടവാക്കുകയോ, എസ്.എസ്.കെ പ്രോജക്ട് രൂപീകരണത്തിൽ പഞ്ചായത്ത് പങ്ക് വഹിക്കുകയോ ചെയ്തതായി കാണുന്നില്ല. എസ്.എസ്.കെ പ്രോജക്ടിന് അർഹമായ വിഹിതം ലഭിക്കാത്തതിനാൽ പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവയുടെ തുക നൽകാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് മേൽ കത്തിൽ പ്രോജക്ട് ഓഫീസർ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ആയത് പരിഗണിച്ചുകാണുന്നില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കു പ്രകാരം ഒരു ഹയർ സെക്കന്ററി സ്കൂളിന് പുറമെ രണ്ട് യു.പി.സ്കൂളുകൾ, 7 എൽ. പി സ്കൂളുകൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ എസ്.എസ്. എ വിഹിതം അടവാക്കുന്നതിലുണ്ടാവുന്ന കുറവ് സംബന്ധിച്ച കാര്യങ്ങളൊന്നും തന്നെ ചർച്ചചെയ്യപ്പെട്ടതായി കാണുന്നില്ല. സർക്കാർ നിർദ്ദേശ പ്രകാരം എസ.എസ.എ പ്രോജക്ടിന് അർഹമായ പഞ്ചായത്ത് വിഹിതം വകയിരുത്താത്തതിന് കാരണം വിശദമാക്കുന്നതിനും അടവാക്കിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവുതുക

4,98,686/- രൂപ തടസ്സത്തിൽ വെക്കുന്നു

1-27 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ട് നമ്പർ : 91/20

പ്രോജക്ട് : പെയിൻ ആൻഡ് പാലിയേറ്റീവ്

പഞ്ചായത്തിലെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ 355,149/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ

| | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 1/04-07-2019 | 61,277 |
| 2 | 5/16-08-2019 | 22,421 |
| 3 | 8/06-09-2019 | 21,872 |
| 4 | 10/21-10-2019 | 19,890 |
| 5 | 12/06-11-2019 | 20,706 |
| 6 | 14/05-12-2019 | 19,390 |
| 7 | 18/10-01-2020 | 20,321 |
| 8 | 20/10-01-2020 | 128,400 |
| 9 | 23/15-02-2020 | 20,700 |
| 10 | 25/02-03-2020 | 20,172 |
| | | 355,149 |

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07-03-2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 ൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ

മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2019-20 വർഷത്തിൽ 27-04-2019, 26-10-2019, 23-11-2019, 04-12-2019, 22-01-2020, 19-02-2020 എന്നീ തിയ്യതികളിലായി 6 തവണ യോഗം ചേരുകയുണ്ടായി. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവു ചെലവു കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. 27-04-2019 -നു ശേഷം 26-10-2019 നു മാത്രമാണ് കമ്മറ്റി യോഗം ചേർന്നത്. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 3,55,149/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. മേൽ അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 മരുന്ന് ലഭ്യമായതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകളില്ല

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ട് നമ്പർ : 127/20

പ്രോജക്ട് : നിർദ്ധനരായ മാരകരോഗികൾക്ക് മരുന്നു നൽകൽ

ബിൽ നമ്പർ : 21/01-02-2020

തുക : 512,000/-

2019-20 വർഷത്തിൽ പഞ്ചായത്തിലെ മാരകരോഗം ബാധിച്ച നിർദ്ധനർക്ക് മരുന്നു നൽകുന്നതിനായി പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ 116 പേരടങ്ങിയ ഗുണഭോക്തൃ പട്ടികയ്ക്ക് 15-11-2019ലെ 1(2) നമ്പർ തീരുമാന പ്രകാരം ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇവർക്ക് വിതരണം ചെയ്യുന്നതിനുള്ള മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരമുള്ള 5,12,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കാണിക്കുന്നു.

1 കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റേയും രേഖകളില്ല.

2 രോഗികളായ 116 പേർ നൽകിയ അപേക്ഷാ രേഖകളില്ല. ഇവർക്ക് എന്ത് മാരക രോഗമാണുള്ളതെന്ന രേഖപ്പെടുത്തലുകളില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 13 /2019-20 ന്

മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ കാരണം ചെലവു തുക 5,12,000/- രൂപ തടസ്സപ്പെടുത്തുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപേക്ഷാ രേഖകളും ഇവർക്ക് എന്ത് മാരക രോഗമാണുള്ളതെന്ന റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

1-29 പശു വിതരണം :അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ : 46/20

പ്രൊജക്ട് : കറവയുള്ള പശു(ക്ഷീരഗ്രാമം)വനിത

2019-20 വർഷത്തിൽ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് കറവയുള്ള പശുക്കളെ വിതരണം ചെയ്യുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 16 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ഇവരിൽ നിന്നും 9,35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പറും തുകയും ചുവടെ കാണിക്കുന്നു.

| | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 2/21-08-2019 | 62,500 |
| 2 | 4/28-09-2019 | 25,000 |
| 3 | 5/14-10-2019 | 1,00,000 |
| 4 | 9/16-12-2019 | 25,000 |
| 5 | 12/22-02-2020 | 30,000 |
| 6 | 15/18-03-2020 | 75,000 |
| 7 | 18/18-03-2020 | 1,05,000 |
| 8 | 19/18-03-2020 | 45,000 |
| 9 | 0595305/11-03-2020 | 55,000 |
| 10 | 0595301/09-09-2019 | 1,37,500 |

| | | |
|---|---|---|
| 11 | 0595302/28-09-2019 | 55,000 |
| 11 | 0595303/23-10-2019 | 2,20,000 |
| | | 9,35,000 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കാണിക്കുന്നു.

1 ഒരു പശുവിന്റെ മൊത്തം തുകയ്ക്കുള്ള കൈപ്പറ്റ് രശീതി വിൽപ്പനക്കാരനിൽ നിന്നും ലഭ്യമാക്കിട്ടില്ല

2 ഗുണഭോക്താക്കളിൽ കരാർ ചമച്ചിട്ടില്ല

3 ഗുണഭോക്താക്കളായ കുഞ്ഞായിഷയുടെ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 15/2019-20 ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ കാരണം ചെലവുതുക 9,35,000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 പോത്തുകുട്ടി വിതരണം ചെയ്തതിന്റെ രേഖകളില്ല

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ : 83/20

പ്രോജക്ട് : പോത്തുകുട്ടി വിതരണം

ബിൽ നമ്പർ, ചെക്ക് നമ്പർ : 13/22-02-2020, 0595304/30-11-2019

തുക : 136,000/-, 136,000/- (ആകെ-272,000/-രൂപ)

2019-20 വർഷത്തിൽ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 17 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ഇവരിൽ നിന്നും 8000/- രൂപ വീതം ഗുണഭോക്തൃ വിഹിതമായും 8000/- രൂപ വീതം പഞ്ചായത്ത് വിഹിതമായും ആകെ ഒരു പോത്തുകുട്ടിക്ക് 16,000/- രൂപനിരക്കിൽ 17 പോത്തുകുട്ടികളെ വാങ്ങാനായി ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് ഓഡർ നൽകിയിട്ടുണ്ട്. മേൽ ബിൽ നമ്പർ,ചെക്ക് നമ്പർ പ്രകാരം മാറിയ 272,000/- രൂപ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കാണിക്കുന്നു.

1 തുക ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ടെങ്കിലും പോത്തുകുട്ടികളെ ഗുണഭോക്താക്കൾക്ക് ലഭിച്ചുവെന്നതിന് രേഖകളില്ല.

2 ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് 17 പോത്തുകുട്ടികളുടെ തുക നൽകിയിട്ടുണ്ടെങ്കിലും ടാക്സ് ഇൻവോയ്സ് നം.133/1-01-01-2020 (5 എണ്ണത്തിന് 16,000/- രൂപ നിരക്കിൽ 80,000/-രൂപയുടെ ബിൽ), നം.132/1-01-01-2020 (6 എണ്ണത്തിന് 16,000/- രൂപ നിരക്കിൽ 96,000/- രൂപയുടെ ബിൽ) എന്നിങ്ങനെ 11 പോത്തുകുട്ടികളെ വിതരണം ചെയ്തതിന്റെ ബില്ല് മാത്രമേ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി നൽകിയിട്ടുള്ളൂ. ബിൽ ഇല്ലാതെ 6 പോത്തുകുട്ടികളുടെ വിലയായ 96,000/- രൂപ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

3 ഗുണഭോക്താക്കളായ സൂപ്പി, ശോഭ എന്നിവരുടെ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

4 ഗുണഭോക്താക്കളായ കമല, അമ്മദ്, വിനു എന്നിവരുടെ യാതൊരു അപേക്ഷാ രേഖകളും ലഭ്യമാക്കിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 14/2019-20 ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ കാരണം ചെലവു തുക 2,72,000/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കാനാവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 കന്നുകുട്ടി പരിപാലന പദ്ധതി-കൈമാറിയ തുകയുടെ കൈപറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് : പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

പ്രോജക്ട് നമ്പർ : 62/20

ബിൽ നമ്പർ : 3/ 28-09-2019

ചെലവുതുക : 212,500/-

കന്നുകുട്ടി പരിപാലന പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 2,12,500/- രൂപ മേൽ ബിൽ പ്രകാരം അസി ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 16/2019-20 ന് മറുപടി നൽകിയിട്ടില്ല. മേൽ രേഖകളുടെ അഭാവം കാരണം ചെലവു തുക 212,500/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പൊതുമരാമത്ത് പ്രവർത്തി രൂപീകരണ-നിർവ്വഹണഘട്ടങ്ങളിലെ പൊതു അപാകതകൾ

1)ടെണ്ടർ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല-കോടിക്കണക്കിന് രൂപയുടെ ഫണ്ട് ലാപ്സാകുന്നു.

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.2 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടു കൂടി ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കി സ്ഥാപന തലത്തിൽ അത് ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള നിർവ്വഹണ പദ്ധതി തയ്യാറാക്കണം. അപ്രകാരം നടക്കുന്നുണ്ടെന്ന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

സർക്കുലർനം. ഡി.എ1/222/2019/തസ്വഭവ തീയതി 10.07.2019 പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ നടപടിക്രമങ്ങളുടെ സമയക്രമം വ്യക്തമാക്കിയിട്ടുണ്ട്. അത് പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ 2019 ജൂലായ് 22-നകം പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ടെണ്ടർ നടപടിക്രമങ്ങൾ തുടങ്ങിയത് തന്നെ 28.09.2019-ന് മാത്രമാണ്. തൻവർഷം അവസാനമായി ടെണ്ടർ വിളിച്ചത് 09.01.2020-നാണ്. അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 91 പദ്ധതികളിൽ 33 എണ്ണത്തിന് മാത്രമേ തൻവർഷം ചെലവുള്ളൂ. 18 പദ്ധതികളുടെ ചെലവ് തുക 49,29,935/- രൂപ ക്യൂബില്ലായി മാറി. തൻവർഷത്തെ ചെലവ് തുക 81,55,345/- രൂപ മാത്രമാണ്. ആകെ അടങ്കലിന്റെ 27% മാത്രമാണ് ചെലവുള്ളത്. ആയതിനാൽ കോടികണക്കിന് രൂപയുടെ ഫണ്ട് ലാപ്സായി. ആയതിന്റെ വിശദാംശം താഴെകൊടുക്കുന്നു.

| പുതിയ പദ്ധതികൾ/ നടപ്പിലാക്കിയത് | സ്പിൽ ഓവർ പദ്ധതികൾ/ നടപ്പിലാക്കിയത് | ആകെ അടങ്കൽ | സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് | ആകെ ചെലവ് | ഫണ്ട് ലാപ്സായത് |
|---|---|---|---|---|---|
| 64/10 | 27/23 | 3,03,02,677 | 54,24,327 | 81,55,345 (27%) | 2,21,47,332 |

പദ്ധതികൾ യഥാസമയം നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 25/2019-20/19.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിന് യഥാർത്ഥ്യബോധത്തോടു കൂടിയുള്ള നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് വർക്കിംഗ് ഗ്രൂപ്പും

ഭരണസമിതിയും ഉറപ്പുവരുത്തി പദ്ധതി പണം പാഴാകുന്നത് ഒഴിവാക്കേണ്ടതാണ്.

1-33 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പ്രോജക്ട് നം.93/2019-20 | |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ചെലവ് | ചെക്ക് നം.1917055201580078 7013/ 7.11.2019/ | 3,00,000 |
| | ചെക്ക് നം. 2443311/12.03.2021/ | 193630 |
| | ചെക്ക് നം. 2443305/04.02.2020/ | 192970 |
| | ചെക്ക് നം. 2443304/07.01.2020/ | 3,13,400 |
| | ആകെ | 10,00,000 |

മേൽ പദ്ധതിയിൽ ക്ഷീരകർഷകർക്ക് പാൽ സബ്സിഡി നൽകുന്നതിനായി പ്ലാൻ ഫണ്ട് 3,00,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 7,00,000/- രൂപയുമടക്കം 10,00,000/- രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

1) ക്ഷീര കർഷകർ പാൽ സൊസൈറ്റിയിൽ അളന്ന പാലിന്റെ അളവ് സൊസൈറ്റി അധികൃതർ സാക്ഷ്യപ്പെടുത്തിയില്ല.

2) ക്ഷീരകർഷകർക്ക് അവർ വിവിധ മാസങ്ങളിൽ അളന്ന പാലിന് നൽകുന്ന സബ്സിഡി തുകയുടെ സ്റ്റേറ്റ്മെന്റ് ഓരോ ബില്ലിനോടൊപ്പവും തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 24/2019-20/ 19.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർണ്ണമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുക 10,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-34 ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച വയോജന കേന്ദ്രം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കുന്നില്ല-വൃത്തിയാക്കാത്തതിനാൽ നശിക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് | വയോജന കേന്ദ്രം നിർമ്മാണം-<br>പ്രൊജക്ട് നം.143/2019-20 |
| നിർവ്വഹണഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| അടങ്കൽ | വികസനഫണ്ട്-ജനറൽ-2,35,197/- |
| ചെലവ് | 19170552015200992268/26.12.2019/1,78,467/- |

2)

| | |
|---|---|
| പ്രോജക്ട് | വയോജന കേന്ദ്രം അധികനിർമ്മാണം-<br>പ്രോജക്ട് നം.117/2019-20 |
| നിർവ്വഹണഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| അടങ്കൽ | വികസനഫണ്ട്-ജനറൽ-20000/-<br>തനത് ഫണ്ട് -1,50,000/- |
| ചെലവ് | 2,60,712/- രൂപ(2020-21-ൽ)<br>2017055201520112692/22.02.2021/ 2,00000/-<br>തനത് ഫണ്ട്-ചെക്ക് നം. 2204322/24.02.2021/60,712/- |

3)

| | |
|---|---|
| പ്രോജക്ട് | വയോജന കേന്ദ്രം വൈദ്യുതീകരണം-<br>പ്രോജക്ട് നം.116/2019-20 |
| നിർവ്വഹണഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| അടങ്കൽ | വികസനഫണ്ട്-ജനറൽ-68000/- |
| ചെലവ് | 2020-21-ൽ (ചെക്ക് നം.2204327/ 26.03.2021/61,217/-)<br>(2018-19-ൽ പ്രോജക്ട് നമ്പർ 150/2018-19ൽ കെട്ടിടനിർമ്മാണത്തിന് 3,64,803/- രൂപ ചെലവുണ്ട്) |

മേൽ പദ്ധതികളിലായി 8,65,199/- രൂപയാണ് വയോജന കേന്ദ്രത്തിനായി നാളിതുവരെ ചെലവഴിച്ചത്. 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 18.03.2022- ന് പഞ്ചായത്ത് അധികൃതരൊടൊപ്പം കെട്ടിടത്തിൽ സ്ഥലപരിശോധന നടത്തി. 06.07.2020-ന് ഉദ്ഘാടനം നടത്തിയ വയോജന കേന്ദ്രം അടഞ്ഞു കിടക്കുന്നതായും അകം പൊടിപിടിച്ച കിടക്കുന്നതായും കണ്ടു. കെട്ടിടത്തിനകത്ത് തെങ്ങുകയറ്റ യന്ത്രങ്ങൾ സൂക്ഷിച്ചിട്ടുള്ളതായും കണ്ടു. കെട്ടിടം നിർദ്ദിഷ്ട

ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. കൂടാതെ യഥാസമയം വൃത്തിയാക്കാത്തതിനാൽ കെട്ടിടവും അകത്തെ ഫർണ്ണിച്ചറും പൊടിപിടിച്ച് നശിച്ച് കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 28/2019-20/19.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിന്റെ കരുതലും പിന്തുണയും വേണ്ടവോളം ആവശ്യമുള്ള വയോജനങ്ങളുടെ ക്ഷേമത്തിനായി നിർമ്മിച്ച കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും ഒന്നിനു ഉപയോഗിക്കാതെ അടച്ചിട്ട് യഥാസമയം വൃത്തിയാക്കാതിരിക്കുന്നതും ഉചിതമായ കാര്യമല്ല. കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിന് മാത്രം ഉപയോഗിക്കേണ്ടതും യഥാസമയം വൃത്തിയാക്കി സൂക്ഷിക്കേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതുവരെ തൻവർഷം ചെലവഴിച്ച തുക 1,78,467/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-35 പഞ്ചായത്ത് നാളിതുവരെ എം.സി.എഫ് നിർമ്മിച്ചില്ല- അജൈവമാലിന്യ ശേഖരണവും തരംതിരിക്കലും യാതൊരു സുരക്ഷാസംവിധാനങ്ങളുമില്ലാതെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയിൽ

അജൈവമാലിന്യ ശേഖരണത്തിനും തരംതിരിക്കുന്നതിനുമായി എം.സി.എഫ് സ്ഥാപിക്കുന്നതിനും ചുറ്റമതിൽ കെട്ടുന്നതിനുമായി 2018-19 മുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. എം.സി.എഫ് സ്ഥാപിക്കുന്നതിന് 171/2021-22 പദ്ധതിയിൽ 20,00,000/- രൂപ വകയിരുത്തി പ്രവർത്തി ഏറ്റെടുത്ത കരാറുകാരന് 07.03.2022-ന് സെലക്ഷൻ നോട്ടീസ് നൽകുക മാത്രമേ നടന്നിട്ടുള്ളൂ.സ.ഉ (സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വമാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം ഹരിതസഹായ സ്ഥാപനം നൽകി ഹരിതകർമ്മസേന കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനും തരംതിരിക്കുന്നതിനുമായി പഞ്ചായത്തിൽ എം.സി.എഫ് സ്ഥാപിക്കുക, എം.സി.എഫ്-ൽ അടിസ്ഥാന സൌകര്യങ്ങൾ ഉറപ്പുവരുത്തുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുക എന്നിവ പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളുമാണ്. മാലിന്യ ശേഖരണത്തിന് പ്രവർത്തന കലണ്ടർ തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യേണ്ടത് ക്ലീൻകേരള കമ്പനിയുടെ ഉത്തരവാദിത്വവുമാണ്. ഈ പ്രവർത്തനങ്ങൾ നാലുമാസത്തിനുള്ളിൽ പ്രാവർത്തികമാക്കേണ്ടതാണ്. ഈ കാര്യങ്ങൾ ഒന്നുകൂടി വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചു. എന്നാൽ നാളിതുവരെയായി പഞ്ചായത്തിൽ എം.സി.എഫ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അജൈവമാലിന്യ ശേഖരണവും

സംസ്കരണവും എങ്ങിനെ നടക്കുന്നുവെന്ന് കാണുന്നതിനായി പഞ്ചായത്ത് അധികൃതരോടൊപ്പം 18.03.2022-ന് സ്ഥലപരിശോധന നടത്തി. സ്ഥലപരിശോധന നടത്തിയതിൽ പഞ്ചായത്തിന്റെ പുറമേരിയുള്ള കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയിൽ വിവിധ പരിപാടികൾ നടത്താനായി നിർമ്മിച്ച ഹാളിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നതെന്ന് കണ്ടു. അവിടെ അജൈവമാലിന്യങ്ങൾ ചാക്കുകെട്ടുകളിലായി കൂട്ടിയിട്ടിരിക്കുന്നതായും ഹരിതകർമ്മസേന പ്രവർത്തകർ മാലിന്യം തരംതിരിക്കുന്നതായും കണ്ടു. കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയിലേക്ക് അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിനായി എത്തിക്കുക, തിരിച്ച് ക്ലീൻ കേരളകമ്പനിക്ക് നൽകുന്നതിനായി താഴെകൊണ്ടുവരിക എന്നിവ സ്ത്രീകളായ ഹരിതകർമ്മസേന പ്രവർത്തകരെ സംബന്ധിച്ച് വളരെ ക്ലേശകരമായ പ്രവർത്തിയാണ്. കൂടാതെ അവിടെ അവർക്ക് ആവശ്യമായ കുടിവെള്ള സൗകര്യമോ ശുചിമുറിയോ ഓഫീസോ ഒന്നുമില്ല. തീപിടുത്ത മുൻകരുതൽ സംവിധാനങ്ങളോ ഒന്നും ഒരുക്കാതെ ഒരു അടച്ചിട്ട ഹാളിൽ അതും ഒന്നാം നിലയിൽ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൂട്ടിയിട്ടിരിക്കുന്നത് അപകടം വിളിച്ചുവരുത്തുന്ന കാര്യമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/2019-20/ 19.03.2022-ന് മറുപടി ലഭ്യമാക്കിയില്ല.

എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ എല്ലാ വിധസുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച കൊണ്ടുള്ള എം.സി.എഫ് സ്ഥാപിക്കേണ്ടത് പഞ്ചായത്തിന്റെ അടിയന്തിര ഉത്തരവാദിത്വമാണെന്നിരിക്കെ നാളിതുവരെ എം.സി.എഫ് സ്ഥാപിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയാണ്. പുതിയ എം.സി.എഫ് വരുന്നതുവരെ താത്കാലിക സംവിധാനമായി കമ്മ്യൂണിറ്റിഹാളിൽ അതും ഒന്നാം നിലയിൽ എം.സി.എഫ് പ്രവർത്തിപ്പിക്കുക എന്നത് അപകടം വിളിച്ചുവരുത്തുന്നതും ഹരിതകർമ്മസേന പ്രവർത്തകർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ കാര്യമാണ്. പുതിയ സംവിധാനം വരുന്നതുവരെ എം.സി.എഫ് പ്രവർത്തിക്കുന്നതിനായി വളരെ സുരക്ഷിതമായ ബദൽ സംവിധാനം അടിയന്തിരമായി ഒരുക്കേണ്ടതാണ്. എല്ലാ അടിസ്ഥാനസൗകര്യങ്ങളും എല്ലാ വിധസുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച കൊണ്ടുള്ള എം.സി.എഫ് ഇനിയും കാലതാമസം വരുത്താതെ സ്ഥാപിക്കേണ്ടതും കമ്മ്യൂണിറ്റിഹാൾ നിർദ്ദിഷ്ട ആവശ്യത്തിന് മാത്രം ഉപയോഗിക്കേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-36 അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ബഡ്സ് സ്കൂൾ നിർമ്മിച്ചു-നാളിതുവരെ തുറന്നു പ്രവർത്തിച്ചിട്ടില്ല-വൃത്തിയാക്കാത്തിതിനാൽ നശിക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് | ബഡ്സ് സ്കൂൾ നിർമ്മാണം- പ്രോജക്ട് |

| | |
|---|---|
| | നം.161/2019-20 |
| നിർവ്വഹണഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| അടങ്കൽ | വികസനഫണ്ട്-ജനറൽ-4,00000/-<br>തനത് ഫണ്ട്-1,00000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-10,00000/- |
| ചെലവ് | 19170552015201182938/31.01.2020/ 4,00000 /-<br>ചെക്ക് നം.244308/17.03.2020/3,80,000/-<br>ചെക്ക് നം.244309/17.03.2020/3,80,000/-<br>ചെക്ക് നം.244310/17.03.2020/2,40,000/-<br>ആകെ- 14,00000/-<br>(2020-21 -ൽ പ്രോജക്ട് നമ്പർ 225/2020-21-ൽ 10,58,440/-രൂപയും 2021-22-ൽ പ്രൊജക്ട് നമ്പർ 148/2021-22-ൽ 3,01233/-രൂപയും കെട്ടിട നിർമ്മാണത്തിനും കെട്ടിടം വൈദ്യുതീകരണത്തിനായി 2020-21 -ൽ പ്രോജക്ട് നമ്പർ 217/2020-21-ൽ 97627/-രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>റോഡ് നിർമ്മാണത്തിനായി 2020-21-ൽ പ്രൊജക്ട് നമ്പർ 173/2020-21-ൽ 83,804/-രൂപയും<br>2020-21-ൽ പ്രോജക്ട് നമ്പർ 252/2020-21-ൽ 3,49,282/-രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>ചുറ്റുമതിലും ഗേറ്റിനുമായി2021-22-ൽ പ്രൊജക്ട് നമ്പർ 188/2021-22-ൽ 79,821/- രൂപയും ചെലവഴിച്ചിട്ടുണ്ട്) |

മേൽ പ്രവൃത്തികളിലായി 33,70,207/- രൂപ മുടക്കി നിർമ്മിച്ച ബഡ്സ് സ്പെഷ്യൽ സ്കൂൾ കെട്ടിടം

നിർമ്മാണം പൂർത്തീകരിച്ച് 18.08.2020-ന് ഉദ്ഘാടനം നടത്തിയെങ്കിലും നാളിതുവരെയായി പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്ന് 18.03.2022-ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു. കെട്ടിടത്തിനകം മുഴുവൻ പൊടിപിടിച്ചു കിടക്കുന്നതായും കെട്ടിടം വൃത്തിയാക്കി സൂക്ഷിക്കാത്തതിനാൽ കെട്ടിടത്തിനകത്തെ മരം ഫർണ്ണിച്ചറുകൾ ദ്രവിച്ച് നശിച്ചു കൊണ്ടിരിക്കുകയാണ്. ക്ലാസ്സ് റൂമിലെ ഭിത്തിയിൽ വരച്ച് പെയിന്റിംഗുകളും മങ്ങിത്തുടങ്ങിയിട്ടുണ്ട്. നിലവിൽ കെട്ടിടത്തിൽ ഒരു ക്ലാസ്സ് മുറി, ഓഫീസ് മുറി, ഡൈനിംഗ് ഹാൾ, അടുക്കള എന്നിവയുണ്ട്. കുട്ടികൾക്ക് ക്ലാസ്സ് മുറിയിലേക്ക് കയറുന്നതിനായി റാമ്പ് സൗകര്യമൊരുക്കിയിട്ടുണ്ട്. 07.02.2018- ലെ സ.ഉ (എം.എസ്)നം.20/2018/ തസ്വഭവ ഉത്തരവിൽ ബഡ്സ് സ്കൂളുകൾക്ക് പൊതുവായി വേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പുതുതായി പണിത കെട്ടിടത്തിൽ മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അടിസ്ഥാന സൌകര്യങ്ങളായ ഓഡിയോ മുറി, ഫിസിയോതെറാപ്പി മുറി, ഒക്ക്യുപേഷണൽ തെറാപ്പി മുറി, കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി എന്നിവ നിർമ്മിച്ചിട്ടില്ല. കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ശുചി മുറി വേണ്ടതാണെങ്കിലും ഒരു ശുചി മുറിയേ നിർമ്മിച്ചിട്ടുള്ളൂ. ഈ സൗകര്യങ്ങളും കൂടി ഉണ്ടെങ്കിലേ ബഡ്സ് സ്കൂളിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും അംഗീകാരം ലഭിക്കുകയുള്ളൂ. നാലാം വാർഡിൽ റി.സർവ്വേനം. 74 /5 – ൽപ്പെടുന്ന 5 സെന്റ് സ്ഥലത്താണ് കെട്ടിടം സ്ഥിതിചെയ്യുന്നത്. നിലവിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള കെട്ടിടത്തിൽ മേൽ ഉത്തരവിൽ പരാമർശിച്ച സൗകര്യങ്ങൾ ഉൾക്കൊള്ളിക്കാൻ സാധിക്കാത്തിനാൽ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സർവ്വതോൻമുഖമായ വികാസം സാധ്യമാവുകയില്ല. 2020 ആഗസ്റ്റ് മാസം ഉദ്ഘാടനം നടത്തിയ ബഡ്സ് സ്കൂൾ നിലവിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.27/2019-20/19.03.2022-ന് മറുപടി ലഭ്യമാക്കിയില്ല.

ഒരു ബഡ്സ് സ്കൂളിന് വേണ്ട അടിസ്ഥാനസൗകര്യങ്ങളൊരുക്കാതെ കെട്ടിടം നിർമ്മിച്ചത് സമൂഹത്തിന്റെ കരുതലും പിന്തുണയും വളരെയധികം ആവശ്യമുള്ള കുട്ടികളോടുള്ള അവഗണനയാണ് കാണിക്കുന്നത്. കൂടാതെ പദ്ധതിയിൽ നിർമ്മിച്ച കെട്ടിടം യഥാസമയം വൃത്തിയാക്കാതെ ഫർണ്ണിച്ചറുകൾ കേടുവരുന്നതും മുറികൾ പൊടിപിടിച്ച് വൃത്തികേടായി കിടക്കുന്നതും പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയാണ്. മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രകാരമുള്ള അടിസ്ഥാന സൌകര്യങ്ങൾ കൂടി ഒരുക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി അവ അടിയന്തിരമായി ഒരുക്കി കുട്ടികൾക്ക് തുറന്നുകൊടുക്കുന്നതിനും കെട്ടിടം വൃത്തിയാക്കി സൂക്ഷിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ സജീവ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അപാകതകൾ പരിഹരിക്കുന്നതുവരെ തൻവർഷം ചെലവഴിച്ച തുക 14,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

1-37 കയ്യടി മുക്ക്-തൈക്കണ്ടി മുക്ക് റോഡ് പ്രവർത്തി നടത്തിയത് സ്ഥലപരിശോധനയിൽ കാണിച്ചുതരുവാൻ കഴിഞ്ഞില്ല

1)

| | |
|---|---|
| പ്രോജക്ട് | കയ്യടി മുക്ക്-തൈക്കണ്ടി മുക്ക് റോഡ് പ്രവർത്തി-പ്രോജക്ട് നം.54/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| അടങ്കൽ | മെയിന്റിനൻസ് ഗ്രാന്റ്(റോഡ്)-4,00000/- |
| ചെലവ് | 2020-21- ൽ 20170552015200047839/11.04.2020/ 393924/- ( പ്രോജക്ട് നം.162/2020-21) |

2)

| | |
|---|---|
| പ്രോജക്ട് | കയ്യടി മുക്ക്-തൈക്കണ്ടി മുക്ക് റോഡ് പ്രവർത്തി-പ്രോജക്ട് നം.146/2019-20 |
| നിർവ്വഹണഉദ്യോഗസ്ഥ | അസി.എൻജിനീയർ |
| അടങ്കൽ | മെയിന്റിനൻസ് ഗ്രാന്റ്(റോഡ്)-6,00000/- |
| ചെലവ് | 19170552015200244468/19.06.2019 /5,62,542/- |

ഒന്നാമത്തെ പ്രവൃത്തിയിൽ 8ാം വാർഡിലെ കയ്യടി മുക്ക്-തൈക്കണ്ടി മുക്ക് റോഡിന്റെ ചെയിനേജ് 0/160 മുതൽ 0/336 വരെയുള്ള 176 മീറ്റർഭാഗം ടാറിംഗ് പ്രവർത്തി നടത്തിയതിന് 3,93,924/- രൂപ ചെലവഴിച്ചു. (അളവ് പുസ്തകം നം. 86/19-20) ശ്രീ.രജിത്.കെ.പി എന്ന കരാറുകാരനാണ് പ്രവർത്തി

നടത്തിയത്. 24.01.2020-മുതൽ 14.02.2020 വരെയാണ് പ്രവർത്തി നടത്തിയിട്ടുള്ളത് .

രണ്ടാമത്തെ പ്രവൃത്തിയിൽ ഇതേ റോഡിന്റെ 262.2 മീറ്റർ ടാറിംഗ് പ്രവൃത്തി നടത്തുന്നതിന് 5,62,542/- രൂപ ചെലവഴിച്ചു. അളവ് പുസ്തകം നം. 40/18-19 പ്രകാരം 08.01.2019 മുതൽ 11.02.2019 വരെയാണ് പ്രവർത്തി നടത്തിയിട്ടുള്ളത്. പ്രവർത്തി നടത്തിയത് ഇളയിടം ലേബർ കോൺട്രാക്ട്ടേഴ്സ് & കൺസ്ട്രക്ഷൻ കോപ്പറേറ്റീവ് സൊസൈറ്റിയാണ്. എസ്റ്റിമേറ്റിൽ പ്രവ്യത്തിയുടെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, ലോക്കേഷൻ മാപ്പ് എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രവ്യത്തി നടത്തിയത് നേരിൽ കാണുന്നതിനായി ഓവർസിയർമാരൊടൊപ്പം 18.03.2022-ന് സ്ഥലപരിശോധന നടത്തിയെങ്കിലും പ്രവ്യത്തി നടത്തിയ ഭാഗം കാണിച്ചു തരുവാൻ കൂടെ വന്ന ഓവർസിയർമാർക്ക് കഴിഞ്ഞില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 29/2019-20/19.03.2022-ന് മറുപടി ലഭ്യമാക്കിയില്ല.

എസ്റ്റിമേറ്റിൽ പ്രവ്യത്തിയുടെ ചെയിനേജ് രേഖപ്പെടുത്തേണ്ടതും ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, ലോക്കേഷൻ മാപ്പ് എന്നിവ സൂക്ഷിക്കേണ്ടതുമാണ്. പ്രവ്യത്തി നടത്തിയത് ഓഡിറ്റിന് നേരിൽ കാണിച്ചു തരുവാൻ എൻജിനീയറിംഗ് വിഭാഗത്തിന് കഴിയാത്തത് വീഴ്ച്ചയാണ്. പ്രവ്യത്തി നടത്തിയതിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവഴിച്ച തുക 5,62,542/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 2019-20 | 14.3.22 മുതൽ 19.3.22 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 12000 | പച്ചക്കറി കൃഷി വികസനം | 12000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 10000 | പച്ചക്കറി കൃഷി വികസനം | 10000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 21374 | നെൽ കൃഷി വികസനം | 21374 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 17810 | നെൽ കൃഷി വികസനം | 17810 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 70000 | കിണർ റീച്ചാർജിംഗ് | 0 | 70000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 70000 | കിണർ റീച്ചാർജിംഗ് | 0 | 70000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 799830 | ലൈഫ് ഭവന പദ്ധതി | 799830 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 653000 | ലൈഫ് ഭവന പദ്ധതി | 653000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 20000 | വീട് റിപ്പയർ ആശ്രയ | 20000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2000000 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 1000000 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 700000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 5100 | പശുക്കൾക്ക് ധാതു ലവണ മിശ്രിതം, വിരമരുന്ന് | 5100 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 255000 | കറവപ്പശു ക്ഷീര ഗ്രാമം വനിത | 255000 | 0 |

1) ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് 20,00,000/- വകയിരുത്തുകയും 10,00,000/-രൂപ 2019-20-ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെലവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2) കിണർ റീച്ചാർജ് എന്ന പദ്ധതിയ്ക്കായി 2017-18 -ൽ ബ്ലോക്ക് ഷെയർ 4 ലക്ഷം രൂപയും, ജില്ലാ ഷെയർ 4 ലക്ഷം രൂപയും വരവ് വന്നിട്ടുണ്ട്. ഇതിൽ 45,000/- രൂപ വീതം ജില്ലാ ബ്ലോക്ക് ഷെയറുകളിൽ നിന്നായി ആകെ 90,000/- രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ 2019-20 വർഷം ചെലവ് ഇല്ല. എന്നാൽ 2019-20 ൽ പദ്ധതിയ്ക്ക് വകയിരുത്തിയത് ജില്ലാ, ബ്ലോക്ക് ഷെയറുകളിൽ 70,000/- രൂപ വീതമാണ്. ഈ ഇനത്തിൽ ചെലവ് വന്നത് 2020-21 -ൽ ആണ്. ബാക്കി തുക തിരിച്ച് നൽകിയത് 2021-22 ലാണ്. ജോയിന്റ് വെഞ്ചർ അക്കൗണ്ടിന് എ.സി.ആർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലെ വരവ് നീക്കിയിരിപ്പ് കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

3) വെറ്റിനറി സർജൻ നടപ്പിലാക്കിയ കറവപ്പശു വനിത ക്ഷീര ഗ്രാമം എന്ന പദ്ധതിയ്ക്ക് വകയിരുത്തിയത്

2,55,000/-രൂപയാണ് (ജില്ലാ ഷെയർ). മുഴുവൻ തുകയും ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 75,000/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ, വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | Go(Rt) 2614/2019. തീയതി-20/11/2019 | 2500000 | - | 1020000 | - | |

വാർഷിക കണക്ക് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ 2019-20 -ൽ എടുത്തിരിക്കുന്നത് 25,00,000/- രൂപയും 2019-20 -ലെ ലോൺ തിരിച്ചടവ് 10,20,000/- രൂപയുമാണ്. എന്നാൽ ചെലവ് പത്രിക പ്രകാരം പദ്ധതിയിലൂടെയുള്ള ലോൺ തിരിച്ചടവ് 2019-20ൽ 5,88,235/- രൂപയാണ്. ബാലൻസ് ഷീറ്റ് B-5 പ്രകാരം 57,31,765/- രൂപ ലോൺ തിരിച്ചടയ്ക്കാനായുണ്ട്. എന്നാൽ ലോൺ തിരിച്ചടവ് വിവരം സാധൂകരിക്കുന്ന ലോൺ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1299703 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 98863 |
| ആകെ | 1398566 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1398566 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, പുറമേരി ബ്രാഞ്ച് | 502959 |
| | കേരള ഗ്രാമീൺ ബാങ്ക്, പുറമേരി ബ്രാഞ്ച് | 673383 |
| | കെ.ഡി.സി.ബാങ്ക്, ഓർക്കാട്ടേരി | 118880 |
| | കെ.ഡി.സി.ബാങ്ക്, ഓർക്കാട്ടേരി | 103344 |
| | ആകെ | 1398566 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | ലഭ്യമല്ല | 1999 | 46 | വളം വില അധികം നൽകിയത് തിരിച്ചടച്ചില്ല | ഭാവിയിൽ വീഴ്ച ഒഴിവാക്കുന്നതിനും നിജസ്ഥിതി ഓഡിറ്റിനെ |

| | | | | | |
|---|---|---|---|---|---|
| | | | | | ബോധ്യ പ്പെടുത്താനും ശുപാർശ ചെയ്തു |
| 1999-00 | ലഭ്യമല്ല | 2003-04 | 11.14. മറ്റ് പരാമർശങ്ങൾ | 1.തെങ്ങിൻ തടം പുതയിടൽ – ജൈവ വള വിതരണം<br>2.പെരുമുണ്ടശ്ശേരി റോഡ് പ്രവർത്തി | |
| 2000-01 | രേഖപ്പെടു ത്തിയില്ല | 2003-04 | 11.14 മറ്റ് പരാമർ ശങ്ങൾ | പുതിയേടത്ത് മീത്തൽ ജലസേചന പദ്ധതി | |
| 2001-02 | 1-2(7) | 2005-06 | 2.70.1.2.5 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | |
| 2002-03 | 3-10 | 2005-06 | 2.70.1.5.4 | നിക്ഷേപ പ്രവർത്തികൾ പൂർത്തിയാ ക്കിയിട്ടില്ല | എൽ.എഫ്. എ.സി 2014-16(51) ഖ.16 പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു |
| 2002-03 | ഭാഗം 1 | 2005-06 | 2.70.1.11.21 | ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രി യേഷൻ രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല, ഗ്രാമ സഭകളുടെ സംഘാടനം തൃപ്തികരമല്ല | എൽ.എഫ്. എ.സി 2014-16(51) ഖ.31 പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു |
| 2002-03 | 1-5 | 2005-06 | 2.70.1.12.3 | ഗ്രാമസഭ നിയമലംഘനം - സമയപരിധി പാലിച്ചില്ല, ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നില്ല | എൽ.എഫ്. എ.സി 2014-16(51) ഖ.35 പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു |
| 2001-02 | രേഖപ്പെടു ത്തിയില്ല | 2005-06 | 2.70.1.14.16 | നികുതി പിരിക്കുന്ന തിലെ അലംഭാവം- കുടിശ്ശിക വർദ്ധിക്കുന്നു | എൽ.എഫ്. എ.സി 2014-16(51) ഖ.40 പ്രകാരം |

| | | | | | |
|---|---|---|---|---|---|
| | | | | | ഒഴിവാക്കാൻ ശുപാർശ ചെയ്തു |
| 2015-16 | 3-9 | 2016-17 | 6(എ)1.4. | ആശ്രയ വീടിന് സ്ഥലം | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)1.9. | വീട് ആവശ്യമുള്ളവർ | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ).2.6. | വീട് റിപ്പയർ | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)3.3. | കുടിവെള്ളം | നില നിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാതകതകൾ | നില നിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,64,00,453 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,34,66,466 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65,53,344 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 6,27,000 | അശ്വതി.സി.എൻ,<br>കൃഷി ഓഫീസർ |
| 1-26 | 4,98,686 | രാമചന്ദ്രൻ.എം,<br>സെക്രട്ടറി |

| | | |
|---|---|---|
| 1-27 | 3,55,149 | ഡോ.പ്രദോഷ് കുമാർ.എം,<br>മെഡിക്കൽ ഓഫീസർ, പി.എച്.സി |
| 1-28 | 5,12,000 | ഡോ.പ്രദോഷ് കുമാർ.എം,<br>മെഡിക്കൽ ഓഫീസർ, പി.എച്.സി |
| 1-29 | 9,35,000 | ഡോ.അമ്പിളി നാരായണൻ,<br>വെറ്റിനറി സർജൻ |
| 1-30 | 2,72,000 | ഡോ.അമ്പിളി നാരായണൻ,<br>വെറ്റിനറി സർജൻ |
| 1-31 | 2,12,500 | ഡോ.അമ്പിളി നാരായണൻ,<br>വെറ്റിനറി സർജൻ |
| 1-33 | 10,00,000 | അനുപമ സുഗതൻ,<br>ഡി.ഇ.ഒ |
| 1-34 | 1,78,467 | സനിഷ.പി,<br>അസി.എഞ്ചിനിയർ |
| 1-36 | 14,00,000 | സനിഷ.പി,<br>അസി.എഞ്ചിനിയർ |
| 1-37 | 5,62,542 | സനിഷ.പി,<br>അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന | സ്ഥിരം<br>മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ)<br>ഔദ്യോഗിക<br>മേൽവിലാസം | |
| അശ്വതി.സി.എൻ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കൃഷിഭവൻ, പുറമേരി | സ്നേഹ നിവാസ്,<br>നെല്ലിക്കാപ്പറമ്പ്,<br>ചെക്യാട് 673509 |
| രാമചന്ദ്രൻ.എം,<br>സെക്രട്ടറി | സെക്രട്ടറി,<br>പുറമേരി<br>ഗ്രാമപഞ്ചായത്ത് | മനയത്ത്,<br>എടക്കളം,<br>കൊയിലാണ്ടി |
| ഡോ.പ്രദോഷ്<br>കുമാർ.എം, മെഡിക്കൽ<br>ഓഫീസർ,<br>പി.എച്.സി | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, പുറമേരി | മാക്കൂട്ടത്തിൽ.പി.ഒ,<br>കക്കട്ടിൽ, 673542 |
| ഡോ.അമ്പിളി<br>നാരായണൻ,<br>വെറ്റിനറി സർജ്ൻ | വെറ്റിനറി സർജ്ൻ,<br>വെറ്റിനറി ഡിസ്പൻസറി<br>ഒഞ്ചിയം | പുതിയോട്ടിൽ വീട്,<br>മുട്ടുങ്ങൾ വെസ്റ്റ് ,<br>വടകര, |
| അനുപമ സുഗതൻ,<br>ഡി.ഇ.ഒ | ഡി.ഇ.ഒ, വാമനപുരം<br>ബ്ലോക്ക് പഞ്ചായത്ത്,<br>തിരുവനന്തപുരം | കുന്നോത്ത് വീട്,<br>ഓർക്കാട്ടേരി, വടകര |
| സനിഷ.പി,<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>പുറമേരി ഗ്രാമ<br>പഞ്ചായത്ത് | വലിയ വീട്ടിൽ,<br>കടമേരി പി.ഒ,<br>673542 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്./കെ.കെ.ഡി/പി5/ 665/ 09/ തി.31.03.2010 | 7 | 30, 33(3), 37, 39, 40, 46, 47 |
| 1997-98 | എൽ.എഫ്.എസ്.2/1124/ 98/11.12.2000 | 3 | 8,9,11 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി5/ 1418/08/തി.10.05.18 | 18 | 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി5/ 1584/03/ തി.15.03.2004 | 8 | 22, 23, 24, 25, 26, 28, 31, 34 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/പി8/ 564/ 2006/തി.10.05.18 | 2 | 2-1, 2-2 |
| 2001-02 പ്ലാൻ | എൽ.എഫ്/കെ.കെ.ഡി. എസ്3/800/ 2017/തി.19.01.2014 | 3 | 3-2, 3-3, 3-4 |

| | | | |
|---|---|---|---|
| | | | |
| 2002-03 | എൽ.എഫ്/കെ.കെ.ഡി.പി8/ 544/06 തി.10.05.2007 | 4 | 2-2, 3-3, 3-6, 3-9 |
| 2003-04 | എൽ.എഫ്/കെ.കെ.ഡി.പി5/ 1016/08 തി.6.11.08 | 5 | 2-3, 2-4, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്/കെ.കെ.ഡി.എസ്1/ 1255/07 തി.05.04.08 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2005-06 | എൽ.എഫ്/കെ.കെ.ഡി.പി5/ 878/09 തി.09.09.09 | 12 | 3-2, 3-5, 3-7, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19 |
| 2006-07 | എൽ.എഫ്/കെ.കെ.ഡി.പി5/ 755/10തി.30..4.10 | 12 | 2-2, 2-3, 3-1, 3-2, 3-3 (3,4), 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13 |
| 2007-08 | എൽ.എഫ്/കെ.കെ.ഡി.പി5/ 1613/11 തി.12.01.12 | 10 | 2-1, 2-4, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2008-09 | എൽ.എഫ്/കെ.കെ.ഡി.പി11/ 89/12/ തി.21.06.12 | 6 | 3-2, 3-3, 3-5, 3-6, 3-7, 3-10 |
| 2009-10& 2010-11 | എൽ.എഫ്/കെ.കെ.ഡി.പി11/ 396/13/ തി.25.04.13 | 16 | 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, |

| | | | |
|---|---|---|---|
| | | | 3-13, 4-6 |
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി11/ 388/ 15/തി.06.04.15 | 11 | 2-1, 2-3, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി11/ 419/ 16/തി.03.02.16 | 28 | 2-1, 2-2, 2-3, 3-1, 3-2, 3-4, 3-5 (4,6), 3-6 (1)(2), 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-24, 3-25, 3-27, 3-28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി11/ 2302/ 2016/തി.12.01.17 | 23 | 2-1, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി11/ 1524/17 തീ.03.01.18 | 14 | 2-1, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-12, 3-13, |

| | | | |
|---|---|---|---|
| | | | 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി11/ 698/19 തീ-03.07.19 | 13 | 2-3, 2-5, 2-8, 3-1(1), 3-1(2), 3-2, 3-3, 3-4, 3-5, 3-6(2) (3), 3-8, 3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1047/20 തീ-01.11.20 | 16 | 1-1, 1-2(2), 1-2(3), 1-3, 1-4, 1-6(1) (3)(4)(6) (7), 1-16, 1-17, 1-18, 1-19, 1-20(4) |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്